# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 9 പേജുകൾ 40 ഡിസംബർ 2024



## ഡിസംബറിന്റെ ആഘോഷരാവ്

കാർട്ടൂൺ കേരളം

കുട്ടികളുടെ മഷിപ്പച്ച

5 കഥകൾ




**THRISSUR:** Round East. Ph: 0487-2331812. Shop online at www.josalukkasonline.com
KERALA | TAMIL NADU | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**


# ഡിസംബറിന്റെ ആഘോഷരാവ്

**ക്രി**സ്മസ് എന്താണെന്ന വിവരണത്തിന് പ്രസക്തിയില്ലാത്തതിനാൽ ഡിസംബറിലെ പ്രസ്തുത ആഘോഷരാവിന്റെ വൈവിധ്യങ്ങളെ കുറിക്കുന്ന ലഘു വിവരണത്തിനാണ് മുതിരുന്നത്. ഡിസംബർ 25 ആണല്ലോ ലോകമെമ്പാടും ക്രിസ്മസ് ദിനമായി കണക്കാക്കുന്നത്. എന്നാൽ ചില ക്രിസ്തീയ സഭകളിൽ മറ്റു ചില ദിവസങ്ങളിൽ ആണ് ക്രിസ്മസ് ആഘോഷിക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങളും ആചാരങ്ങളും ഓരോ ദേശത്തും വ്യത്യസ്തമാണ്.

മതപരമായ ആഘോഷങ്ങളെക്കാൾ മതേതരമായ രീതികൾക്കാണ് ഇന്ന് മിക്ക രാജ്യങ്ങളിലും പ്രാമുഖ്യം കാണുന്നത്. ക്രിസ്മസുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിൽ അധികവും ജർമ്മനിയിൽ നിന്നും കടം കൊണ്ടവയത്രെ. ജർമ്മനിയിൽ ക്രിസ്തുമതം പ്രചരിക്കുന്നതിന് മുൻപ് നിലനിന്നിരുന്ന യൂൽ എന്ന ശൈത്യകാല വിശേഷ ദിനത്തിലെ ആചാരങ്ങളാണ് പിന്നീട് ക്രിസ്മസിലേക്കും അനുരൂപണം ചെയ്യപ്പെട്ടത്. ക്രിസ്തു മത വിശ്വാസികൾ തുലോം കുറവായ ദേശങ്ങളിൽ പോലും ക്രിസ്മസ് ആഘോഷം നടക്കാറുണ്ട്.

ക്രിസ്മസ് നാളിൽ സാർവതികമായി നിറഞ്ഞുനിൽക്കുന്ന രൂപമാണ് സാന്താക്ലോസ്. നാലാം നൂറ്റാണ്ടിൽ ഏഷ്യാ മൈനറിൽ ജീവിച്ചിരുന്ന സെന്റ് നിക്കോളാസ് എന്ന പുണ്യചരിതനാണ് സാന്താക്ലോസ് ആയി മാറിയത്. സെന്റ് നിക്കോളാസിനെ ഡച്ചുകാരാണ്, സമ്മാനങ്ങൾ വാരി വിതറുന്ന പുണ്യാത്മാവായി ചിത്രീകരിച്ചു തുടങ്ങിയത്. ഡച്ച് കോളനികളിലൂടെ ഈ രീതി സാർവദേശീയമാവുകയും ചെയ്തു. സെന്റ് നിക്കോളാസ് ലോപിച്ചാണ് പിന്നെ സാന്താക്ലോസായത്. പല പേരുകളിലും ഇന്ന് സാന്താക്ലോസ് അറിയപ്പെടുന്നുണ്ട്. കേരളത്തിൽ ഗ്രാമീണ ശൈലിയിൽ പപ്പാഞ്ഞി എന്നും പറയാറുണ്ട്. സാന്താക്ലോസ് അപ്പൂപ്പൻ ക്രിസ്മസ് തലേന്ന് ആരും അറിയാതെ വെച്ചു പോയ സമ്മാനങ്ങൾ ആണെന്ന് പറഞ്ഞാണ് ചില മാതാപിതാക്കൾ കുട്ടികൾക്ക് ക്രിസ്മസ് സമ്മാനങ്ങൾ നൽകുന്നത്.

‘മഷിപ്പച്ച’ സാഹിത്യ മാസികയുടെ പ്രിയ വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും ക്രിസ്മസ് ആഘോഷരാവിന്റെ മംഗളങ്ങൾ നേരുന്നു. ●




## കാർട്ടൂൺ കേരളം



എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ

## കഥ


ദർശന ............................... പേജ് 19
ദിവ്യ സി.ആർ. .................... പേജ് 23
റസാഖ് തൊഴിയൂർ .............. പേജ് 26
ഷംല ആവള ..................... പേജ് 29
ജോർജ് വിൽസൻ ................ പേജ് 32


## കാർട്ടൂൺ



എം.ആർ.ബാലചന്ദ്രൻ ........... പേജ് 4



## കുട്ടികളുടെ മഷിപ്പച്ച .. പേജ് 37


## കവിത



കുഞ്ഞച്ചൻ മത്തായി ............. പേജ് 6
ശ്രീജ വിജയൻ ...................... പേജ് 7
ദിവ്യ ഗിരീഷ് ......................... പേജ് 8
ഡോ. രമ്യാരാജ് ആർ. ............ പേജ് 10
ടി.എം.പ്രിൻസ് .................... പേജ് 11
ബഷീർ മുളിവയൽ .............. പേജ് 12
ഡോ. സുഭാഷിണി മഹാദേവൻ പേജ് 13
രാജീവ് ചുണ്ടമ്പറ്റ് ................ പേജ് 14
സതി സതീഷ് ...................... പേജ് 15
വിനോദ് കാര്യാട്ടുപുറം ........... പേജ് 16
നിബിൻ കള്ളിക്കാട് ............. പേജ് 17











കുഞ്ഞച്ചൻ മത്തായി



# കാലിത്തൊഴുത്തിലെ ദേവകുമാരൻ

കാലിത്തൊഴുത്തിൽ പിറന്നൊരുണ്ണി
വിശ്വം മുഴുവനും പ്രകാശമായി നിൽക്കേ,
ഒരു പാവന നക്ഷത്രം വാനിലുദിച്ചു.
നക്ഷത്ര വഴിയേ വന്നെത്തിയ
ദീർഘദർശികൾ എളിമയോടെ
ഉണ്ണിയേശുവിനെ ദർശിച്ചു.

മാലാഖമാരുടെ ഗാനങ്ങൾ ശ്രവിക്കുന്നു മാനവർ
പ്രപഞ്ചനാഥനാം ദൈവ പൈതലിനാശംസയേകിടുന്നു

പൊന്നും, മീറയും കുന്തിരിക്കവും തരാനില്ല പൊന്നുണ്ണി
നൽകീടട്ടെ ഞാൻ സ്നേഹത്തിൻ വൈഡൂര്യ മുത്തങ്ങൾ
പിതാവിനിഷ്ടത്തിനായി പാരിലെ പാപക്കറകൾ കഴുകിയിറക്കുവാൻ ;
മേരിയാം മാതാവ് ജന്മമേകിയ ഉണ്ണിയേശുവേ.

എന്റെഗീതാക്ഷരങ്ങളാൽ
എത്രയെത്ര ശ്രുതികൾ മീട്ടിയാലും മതിവരികില്ല ദേവകുമാരാ;
ഈ ലോകം മുഴുവനും
നിരന്തരം ശാന്തിയും കൃപയും
നൽകിയനുഗ്രഹിക്കാൻ
യാചകനായി കേഴുന്നു ഞാൻ.



ശ്രീജ വിജയൻ



# അസ്ഥികൂടം കാണുമ്പോൾ

മ്യൂസിയത്തിൻ
വിശ്രാന്തസ്ഥലികളിൽ
വർത്തമാന –
ജീവിത കാമനകളിൽ
അന്തിച്ചങ്ങനെ
ചില്ലുകൂടാരത്തിൽ നിൽക്കയാണസ്ഥികൂടം.
വെട്ടലും തിരുത്തലുമൊരുക്കിയ
പാതയോരങ്ങളിൽ,
ഓടി മറയുന്ന കാഴ്ചകളിൽ
സ്വത്വമറിയാനാവാത്ത പകപ്പുമായി.

തിളങ്ങിയിരുന്ന ആഴമേറും
കൺകുഴികളിൽ സംസാര –
മുദാരമായി നിറഞ്ഞീടുന്നു.
വാക്കിനെക്കുറിച്ചുള്ള ആകുലതയോ
വാക്ക് തിരിച്ചെത്തിയതിന്റെ
വേവലോ ആവാം

ഉന്നതി പുൽകിയ
മാനവഗാഥകൾ,
അതിജീവന ഗീതകങ്ങൾ .
പുതു പ്രതീക്ഷകളുടെ തീരങ്ങൾ
തേടിയ നീഡമല്ലേ.
എത്രയെത്ര പൊളിച്ചെഴുത്തുകൾ,
വെട്ടി തെളിച്ച പുതുവഴികൾ,
വിരിയിച്ചെടുത്ത ഋതുദീപ്തികൾ.
വെയിലും നിഴലും തീർത്ത,
മിശ്രിതമാം–
ജീവിതനൗകയുടെ തുഴക്കാരനായ്.

മനമറിവും
തിരിച്ചറിവും
മസ്തിഷ്ക്കത്തിലിട്ട്
പതം വരുത്തി
പരസ്പരംബന്ധിച്ചു
പറയാത്ത രഹസ്യങ്ങൾ
ഭാവനയിൽ പറഞ്ഞും
അറിയാത്ത ഭൂപ്രദേശങ്ങളിൽ
നടത്തീടും ദീർഘയാത്ര തൻ
അലയടിക്കും സ്മരണകൾ.

ഗഗനവിശാലത,
ഉള്ളനക്കം,
രസച്ചരടുകൾ,
മോഹ കാന്തി,
ജീവിതത്തിന്റെ മനോഭൂപടം
മെനയുന്നു.

മലമണ്ണിലോ
വയൽ മണ്ണിലോ,
തെരയേണ്ടയിനി –
യറിവടയാളങ്ങൾ .

ഓർമ്മകൾക്കിനി –
സൗമ്യ മേഘങ്ങൾക്കൊപ്പം ,
മേഞ്ഞു നടക്കാം
ഇരുളിടങ്ങൾക്കു പുറത്ത്
നിലാവും സുഗന്ധവുമൊന്നാവട്ടെ.
മനോഹരമാകുന്ന
നേരങ്ങളിൽ ലയിക്കട്ടെ.
,

തിരക്കേറും പ്രയാണങ്ങളില്ല.
ഊഷ്മാവു കൂട്ടും ചിന്തകളില്ല
ആർദ്രതയുടെ നനയലുകളില്ല
പൂത്തുലയലിൻ സംഗീതമില്ല
മജ്ജ, മാംസങ്ങളില്ലാതെ,
രാഗങ്ങളില്ലാതെ,
നേടലിന്റെ വിശാല മൈതാനങ്ങളിൽ
അടിസ്ഥാനമായിങ്ങനെ.

# ജീവിപുരാണം



ദിവ്യ ഗിരീഷ്

## നായ

കാവലിനായിരുന്നു നിയോഗിക്കപ്പെട്ടത്...

വിശപ്പിന്റെ വിളി ഉയർന്നപ്പോൾ കാലുകൾ മുന്നോട്ട് കൂപ്പി
മോങ്ങാനാരംഭിച്ചു...

എറിഞ്ഞു കൊടുത്ത ഇറച്ചിക്കഷണങ്ങൾക്ക് മുൻപിൽ വാലാട്ടി വിധേയത്വം രേഖപ്പെടുത്തി...

പതിയെ നാലുകാലിൽ നിവർന്നു നിൽക്കാമെന്നായപ്പോൾ ഉള്ളിൽ ഉറങ്ങിക്കിടന്ന ശൗര്യമുണർന്നു...
മോങ്ങൽ നിർത്തി മുരളാൻ തുടങ്ങി...

നുരച്ചു പൊങ്ങിയ കലിയടങ്ങാതെ പല്ലിറുമ്മിയപ്പോഴാണ് കൂർത്ത പല്ലിന്റെ മൂർച്ചയറിഞ്ഞത്...

ഒടുവിൽ ഓടിനടന്ന് കടിക്കാൻ തുടങ്ങിയപ്പോൾ ആളുകളതിനെ
'നായ'എന്ന് വിളിച്ചു തുടങ്ങി...

## പല്ലി

ശബ്ദങ്ങളെല്ലാം ശകുനങ്ങളായാണ് അടയാളപ്പെട്ടത്...

വളച്ചൊടിക്കപ്പെട്ട സത്യങ്ങളിൽ
വെള്ള പൂശാൻ നിറഭേദമന്യേ
പണ്ടേ നിയോഗിക്കപ്പെട്ടവരാണല്ലോ...

ചിലച്ചതിന്റെയും ചലിച്ചതിന്റെയും
അളവുകൾ അളന്നെടുത്ത്





പൊലിപ്പിച്ച ശാസ്ത്രത്തിനൊപ്പം
പേരു ചേർത്ത് നൂല് കെട്ടി...

പാതി ജീവൻ പകുത്തുവച്ചൊരു
വാലറ്റം മുറിഞ്ഞു
വീണുറഞ്ഞുതുള്ളുമ്പോൾ
ശകുനം ശുഭമോ അശുഭമോ!

# കാക്ക

നിറവും തൊഴിലും അടിസ്ഥാനമാക്കി ചരിത്രകാലം
മുതലുള്ള തരംതിരിവിൽ അധകൃതനായ്
മുദ്ര കുത്തപ്പെട്ടവൻ...

മൂടുപടമിട്ട വ്യവസ്ഥിതിയുടെ മലിനമാക്കപ്പെട്ട
പിന്നാമ്പുറങ്ങൾ എത്രയോ കൊത്തിപ്പെറുക്കി വൃത്തിയാക്കി...
എന്നിട്ടും അവശേഷിക്കുന്നുണ്ട് ദുർഗന്ധം
വമിക്കുന്ന ചില അഴുക്കുചാലുകൾ!


മുറിവേറ്റ കൂട്ടാളിക്കായ് ഉയരുന്ന
കലപിലകൾ അലമുറകളായ്
ആരുടെയൊക്കെയോ സ്വൈര്യതയെ
അലോസരപ്പെടുത്തുന്നുമുണ്ട്...

വെറുപ്പിന്റെ കാക്കത്തൊള്ളായിരം തെറ്റാലികൾ
ഉന്നം തൊടുത്താലും കാകദൃഷ്ടി തൻ
തീഷ്ണതയിൽ എല്ലാം നിഷ്പ്രഭം...

ഒടുവിൽ പൂർവികന്റെ പരിവേഷം ചാർത്തി തന്ന്
ബലിച്ചോറുരുട്ടി വച്ച് കൈകൊട്ടി
വിളിക്കുമ്പോൾ പറന്നെത്തുന്നത്
തന്റെ ഔദാര്യമല്ല ഔന്നത്യമെന്ന് കാക്ക!

# പാൻജിയ





ഡോ. രമ്യാരാജ് ആർ

വിരുന്നു വന്നവരൊന്നും മടങ്ങിപ്പോകാതായാൽ...
ഇടങ്ങൾ ആകാശങ്ങളെ തെരഞ്ഞിറങ്ങും.
മഴപ്പെയ്ത്തുകളെ ഊറ്റിക്കുടിക്കാൻ പോന്ന
കുഴലുകളിലൂടെ അന്നനാളങ്ങൾ നനവുള്ളതാക്കും.
മൺകൂനകളിൽ നിന്നും ഭക്ഷണശാലകൾക്ക് സമാനം
സുഗന്ധം പരക്കും.
ഇലഞരമ്പുകൾ വസ്ത്രങ്ങൾ കോർത്തെടുത്ത്
ഭൂമിയെ മറയ്ക്കും.
മേൽക്കൂരകൾ മിണ്ടാതാകും
അവസാനം നിശ്വാസക്കാറ്റിൽ പറന്നിറങ്ങി
വായു തിന്നു വയറു നിറച്ചു
പുക തുപ്പി
കാലം ദഹിപ്പിച്ച മേമ്പൊടികളെ പുണർന്നു തീരും.
അന്ന് നടന്നു തീരാത്ത
നിരത്തുകളിൽ അന്തിയുറങ്ങാൻ
കോലമില്ലാത്ത കുലമില്ലാത്ത വിരുന്നുകാർ
വാക്കുകൾ മരിച്ച, അക്ഷരങ്ങൾ ദ്രവിച്ച ചുണ്ടുകളിൽ
വരണ്ട പാട്ടുകളെ കുടിയിരുത്തി
ജീവന്റെ തുടിപ്പിൽ അഭയം തേടും.

# കൽപ്പാത്തി



T. M. പ്രിൻസ്.

അന്നൊരുച്ചയ്ക്ക് കൽപ്പാത്തിയിൽ വണ്ടിയിറങ്ങുന്നു.
തിളച്ചവെയിലിൽ തെരുവിനെ ചാരിനിൽക്കുന്നു, അഗ്രഹാരങ്ങൾ

ഉച്ചിയിൽ വെയിലിനെ ചുമന്നു ഞാൻ പെരുമാൾ
കോവിലിലേക്ക് നടക്കുന്നു.
കോവിലിൻ നടപ്പാന്തലിനു താഴെ, തണലിൽ
ഉടലിലെ
ചൂടിനെയുരിഞ്ഞിടുന്നു.
ധ്വജത്തിനും അടച്ചിട്ട ശ്രീകോവിലിനുമിടയിൽ
നിന്നൊരാൾ മന്ത്രങ്ങൾ ചൊല്ലുന്നു.

ക്ഷേത്രത്തെ തൊട്ടൊഴുകുന്നു കൽപ്പാത്തിപ്പുഴ...
നദിയിലേക്ക് ഇറക്കിക്കെട്ടിയ പടവുകളിൽ
ചിതറികിടക്കുന്നുണ്ട്
അരിയും, എള്ളും പൂവും..

വൃദ്ധനൊരാൾ
കുളികഴിഞ്ഞു പടവുകൾ കയറിവരുന്നുണ്ട്
തോളിൽ, അലക്കിപിഴിഞ്ഞ ഉടയാടകൾ...
അടുത്തെത്തവെ, ദീർഘമാം സൗഹൃദം പോലൊരു ചിരി നീട്ടുന്നു.
അലിഞ്ഞുപോകുന്നു ഞങ്ങൾക്കിടയിലെ അപരിചിതത്വം.


പേരുമൂരും, ചോദിക്കുന്നു ഞാൻ.....
'രാമയ്യൻ...'
നെന്മാറ വല്ലങ്ങിയാണ് നാട്..
പതിനഞ്ചാം വയസിൽ ജോലിതേടി വന്നതാണീ തെരുവിൽ....
സദ്യക്ക്‌വിളമ്പലാണ് ജോലി,
തുച്ഛവേതനം,
അനാഥൻ...
അറുപതാണ്ടായി
തെരുവിലൊരൊറ്റമുറി വീട്ടിൽ താമസം..

സഹതാപത്തിൽ മുഖം മുക്കി
ഞാൻ നിൽക്കവേ,
കോവിലിലേക്ക് വിരൽ ചൂണ്ടി ചൊല്ലുന്നു രാമയ്യൻ,
ഒന്നിനുമൊരു കുറവും വന്നിട്ടില്ലിതേവരെ,
പോറ്റുവാനുണ്ട് പെരുമാൾ '..
മുഖത്താത്മ സംതൃപ്തി .
ആത്മവിശ്വാസം....
ഇത്തിരി പണം ഞാൻ നീട്ടുന്നു...
തലയാട്ടി നിഷേധിച്ചു
ക്ഷമാപണം പോലെ പറയുന്നു വൃദ്ധൻ
ധർമ്മം സ്വീകരിക്കാറില്ല ദാനമാണ് ശീലം..

യാത്രചൊല്ലി പറയുന്നു വൃദ്ധൻ
പേരു ഞാൻ ചോദിച്ചില്ലിതേവരെ....
പേരുഞാൻ പറയുന്നു
ക്ഷണം, അത്ഭുതത്താൽ
വിടരുന്നു
വൃദ്ധനയനങ്ങൾ...
ആലോചനയിലാണ്ട് നിന്നു
ആത്മഗതം പോലെ പറയുന്നു രാമയ്യൻ,
അല്ലെങ്കിലെന്ത് പെരുമാളിനുണ്ടോ ജാതിയും മതവും...?

ഞാൻനോക്കി നിൽക്കേ
വെളിയിലെ വെയിലിലേക്ക് നടന്നു
ദൂരെ,തെരുവിലൊരു വളവിൽ
ഗണപതികോവിലിനുള്ളിൽ
മറയുന്നു, രാമയ്യൻ.

പുഴയെ,
പുൽകി വന്നൊരു തണുത്ത കാറ്റന്നെ
തഴുകി കടന്നുപോകുന്നു.
ചെവിയിലാരോ മന്ത്രിക്കുന്നു... കൽപ്പാത്തി,
കാശിപാതി യിതു...



# ഒറ്റയാൾ പോരാട്ടം

ആ മനുഷ്യൻ ഞങ്ങളുടെ നാട്ടിൽ വന്നു താമസം
തുടങ്ങിയിട്ടധിക വർഷമായിട്ടില്ല

അയാളുടെ പേര് പോലും ആരും അന്വേഷിച്ചില്ല
പതുങ്ങൻ എന്ന ഇരട്ടപ്പേരിലാണറിയപ്പെട്ടത്!

ഭൂമിക്ക് തരിമ്പും ഭാരം താങ്ങാനാകില്ലെന്നത്രയും പതുക്കെ നടന്നും,
കാണുന്ന ചെടികളിലെല്ലാം തലോടിയും,
പൂക്കളോടെല്ലാം ചിരിച്ചും
വേഗതയോട് പ്രതിഷേധിച്ചു കൊണ്ടേയിരുന്നു!

സ്നേഹത്തോടെ അടുത്തു വന്നുനിന്നു കയറാൻ ക്ഷണിച്ച
വാഹനങ്ങളോടെല്ലാം പിണക്കത്തോടെ മുഖം തിരിച്ചും,
വാഹനങ്ങളിൽ പറന്നു പോകുന്നവരെ ശകാരിച്ചും
വേഗത്തോടുള്ള വിരോധം പ്രകടിപ്പിച്ചു!

വേഗം, മറച്ചു കളഞ്ഞതിനെയെല്ലാം കണ്ടെത്താൻ സഹായിച്ചു,
വേഗത വരുത്തിയ അപകടങ്ങളിൽ രക്ഷകനായി!

പണ്ടൊരിക്കൽ എതിരെ വന്ന ലോറിയുടെ നിയന്ത്രിക്കാനാകാത്ത
വേഗതയാണയാളുടെ കുടുംബം ഇല്ലാതാക്കിയതെന്നും
അന്ന് മുതലാണയാൾ വാഹനങ്ങളോട് കലഹിക്കാൻ തുടങ്ങിയതെന്നും
മരണശേഷമാണ് നാടറിഞ്ഞത്!

അയൽനാട്ടിലുള്ള കുടുംബ കല്ലറയിലേക്കയാളെ കൊണ്ടു പോകാൻ
ആംബുലൻസ് വന്നപ്പോൾ
നാട്ടിലുള്ള യുവാക്കളെതിർത്തു!
മൃതദേഹം തോളിലേറ്റി അവർ പതുക്കെ നടക്കാൻ തുടങ്ങി
പിന്നാലെ നാട്ടുകാരെല്ലാമവരെ അനുഗമിച്ചു,
പിറകിൽ വന്ന വാഹനങ്ങൾ പോലും
വേഗതക്കെതിരെ അയാൾ നടത്തിയ ഒറ്റയാൾ
പോരാട്ടത്തിനുള്ള പിന്തുണയെന്നോണം
പതുക്കെ നടന്നുപോകുന്ന വിലാപയാത്രയുടെ കൂടെ ചേർന്നു.



ബഷീർ മുളിവയൽ

# കാലം



ഡോ: സുഭാഷിണി മഹാദേവൻ

കടവ് കടന്നുപോയകാലം
തിരിച്ചിറങ്ങി വരുന്നു.
ഋതുക്കളെത്ര കാലത്തോട്
ചേർന്ന്നിൽക്കുന്നു.
നവംബറിന്റെ
തണുത്തരേണുക്ക –
ളുടയാടകളാകുന്നു.

അതിർവരമ്പുകളില്ലാതേ
മനസ്സിൽ കൂടു കൂട്ടി.
വിത്തു വിതച്ച കാലംമുതലേ
വെള്ളത്തൊപ്പിയണിഞ്ഞു.

കനകത്തിൻ കഷ്ണങ്ങൾ
കാമിക്കാതെത്തന്നെ
എന്റെ കാമിനിയെത്ര സുന്ദരി
കാമനകളുടെ തോഴി .

എന്നും സ്വപ്നങ്ങൾക്ക്
കാവലാളായ് നിന്നു
ശ്രുതിചേർന്ന സംഗീതംപോൽ
അവൾ തന്നിലലിഞ്ഞു.

കാലിടറി വീഴാൻ മാത്രം
ചതുപ്പുനിലങ്ങൾ കണ്ടില്ല
കൊത്തിവലിക്കാനോ
കഴുകൻ കണ്ണുകളും

പൗർണമിയുടെ
ചാരുതയിൽ
ഞങ്ങടെ സ്വപ്നം പൂത്തു
പാരിജാതപ്പൂക്കൾപോൽ
സൗരഭ്യം നിറച്ചു.

മേൽക്കൂരയില്ലാത്ത
ഭവനത്തിൽ
നിലാവും മാരുതനും
ഓടിക്കളിച്ചു.

വാതിലുകളില്ലാത്ത
മനസ്സിൽ നഷ്ടങ്ങൾ പടികടന്നില്ല.
കാലത്തിന്റെ കഥകളും കാഴ്ചകളും
ആവേശക്കൊടുമുടി കയറ്റി.

പേമാരിയും കൊടുങ്കാറ്റും
കടവടുത്തില്ല.
പോയകാലം തിരിച്ചെത്തിയിട്ടും
ഋതുക്കൾ മാറിമാറി വന്നിട്ടും
കറയറ്റ പാതിയവൾ
വീണുപോയി.

എന്റെ സഞ്ചാരങ്ങളിൽ
അറവുശാലകൾ കണ്ടില്ല.
പ്രാപ്പിടിയൻമാരുമടുത്തില്ല.
കട്ടെടുത്ത എന്റെ കിനാവുകൾക്ക്
ഇപ്പോൾ
അഴിഞ്ഞ മാംസത്തിന്റെ മണം.



# ഉള്ളി തൊലിക്കുമ്പോൾ

രാജീവ് ചുണ്ടമ്പറ്റ

ഉള്ളി തൊലിക്കുമ്പോഴൊക്കെ,
ഞാൻ അമ്മയെ ഓർക്കും.
കദനങ്ങളുരുക്കാൻ അമ്മക്ക്
വേദിയൊരുക്കിയിരുന്നത്
ഉള്ളിയായിരുന്നല്ലോ!

അടുക്കളയിൽ എത്തിനോക്കി
അച്ഛന്റെ വിലയിരുത്തൽ,
ഇത്തവണത്തെ ഉള്ളിക്ക്
വീര്യം കൂടുതലാണെന്ന്.
അമ്മ നിസ്സംഗതയോടെ
തലയാട്ടി അത്
സ്ഥിരീകരിക്കുമായിരുന്നു.


ചിലപ്പോൾ ഉള്ളിയും അമ്മയും
തുല്യ ചിന്താഗതിക്കാരാവും.
കദനക്കണ്ണീരിനെ,
സ്വന്തം നീർക്കുത്തിന്റെ
അനന്തരഫലമാക്കി,
സ്വയം കുറ്റമേറ്റെടുക്കുന്ന
ഉള്ളിയെപ്പോലെ.

മിക്യ കറികളിലും
ഉള്ളിയില്ലെങ്കിൽ,
അമ്മയില്ലാത്ത
ആഘോഷം കണക്കെ,
മിക്യ ആഘോഷവേളകളിലും
അമ്മയുടെ അഭാവം,
ചില ഉള്ളിയില്ലാക്കറികളായും.

ഉള്ളിയെ രണ്ടായി പിളർത്തിയ
കത്തിയ്ക്ക് പോലും വിഷാദം,
ചോര പുരളാത്ത വേദനയിലും
ഉള്ളിനീരാം വിയർപ്പിൽ
മുങ്ങിക്കുളിച്ച്
വിറകൊള്ളുന്നതുപോലെ,

ഇന്ന് ഉള്ളി തൊലിക്കുമ്പോൾ
ഞാനും കണ്ണീർ വാർക്കുന്നു,
അമ്മയെക്കുറിച്ചോർത്ത്.
മറ്റാർക്കും പിടികൊടുക്കാതെ,
ഉള്ളിയെ പഴിപറഞ്ഞങ്ങനെ.





# പ്രണയവഴികൾ



സതി സതീഷ്

അക്ഷരങ്ങൾ
നിറഞ്ഞുനിബിഡമായ
പ്രണയവരികൾക്കിട
യിൽനിന്നും
ഓടിയൊളിക്കുന്ന
നിമിഷങ്ങളിൽ
നിന്നോർമ്മകളിൽ
തെന്നിവീഴുന്നു ഞാൻ
നിനക്കായ്
മിടിക്കുന്ന
ഹൃദയതാളങ്ങൾ
പെരുമ്പറ മുഴക്കുന്ന
നിമിഷങ്ങളിൽ
നിന്നസാന്നിധ്യമെന്നിൽ
നൊമ്പരത്തിൻ
നിഴൽ പടർത്തുന്നു....
എന്തിനെന്നെ
പ്രണയിക്കുന്നു നീ...?
ഒരു സമാഗമത്തിനായ്
ഹൃദയം കൊതിക്കുന്നുവെങ്കിലും
നിന്നോർമ്മകളിൽനിന്നും
ഒളിച്ചോടുവാൻ
മനസ്സുപറയുന്നത്
കനൽപൂത്ത
പ്രണയത്തിന്റെ
തീഷ്ണത സഹിക്കാൻ
കഴിയാത്തതുകൊണ്ടാവാം
എപ്പോഴെങ്കിലും അരികിലണഞ്ഞ്
ചിതറിത്തെറിച്ച
സ്വപ്നങ്ങൾ
എനിക്കായ്
പകർന്നു തരുമോ നീ....

# അടുക്കളയിൽനിന്ന്

വിനോദ് കാര്യാട്ടുപുറം


കലങ്ങിയ
മഴവെള്ളത്തിൽ,
വെയിൽ,അദൃശ്യമായ
വിരലുകളിൽ ചലിക്കുന്ന
തന്ത്രികളായി ഇളകി,
നീറ്റിൽ
പൂവിൻ മൊട്ടുകൾ
വിരിയുകയും
കൊഴിയുകയും ചെയ്യുന്നു.....

അവൾ
ജലത്തുള്ളികളിലൂടെ
പുറംക്കാഴ്ചയിലേക്ക്
ജനാലകൾ മലർക്കെത്തുറന്നു

അടുക്കളയിൽനിന്നും
പുറത്തേക്ക് നോക്കുമ്പോൾ,
വെളിച്ചം
ഒരു പച്ചിലപ്പാമ്പുകണക്കെ
വെള്ളക്കെട്ടിൽ
നീന്തിക്കളിക്കുകയാണ്

വെള്ളത്തിന്റെ
സ്വാതന്ത്ര്യം
അവൾ അറിയുന്നു

അവൾ
അടുപ്പിൽ
പാൽ
കാച്ചാൻ വെച്ചു,
തിളയ്ക്കുന്ന
പാലിനെ
നോക്കിനിന്നു



തീജ്വാലകളുടെ
തന്ത്രികളിലൂടെ
പാൽ
അവളിലേക്ക്
തിളച്ചുതൂകി.....

# പ്രണയസ്മൃതി സഞ്ചയങ്ങൾ



നിബിൻ കള്ളിക്കാട്

## 1)

വറുതിയിൽ വറ്റുന്ന മനസ്സിന്റെ സിരകളിൽ
ഒരുകുഞ്ഞു മഴചാറി തണുത്തുവിറച്ചതും
നിലാവുടയാടമൂടിയ ജീവനിലൊരു -
കൊച്ചുസ്വപ്നം തളിരിട്ടുണർന്നതും
പിരിയുവാൻ വെമ്പുന്നയായുസ്സിനിപ്പുറം
നിറമിഴിയോടെ നോക്കിയിരിപ്പൂ ഞാൻ!

## 2)

മടക്കമില്ലാത്ത ഭൂതായനങ്ങളിൽ
ജനിച്ചനിരാശകൾ പുഞ്ചിരിക്കുമ്പോൾ
മറന്നുപോകാൻ നിനച്ചില്ലൊരിക്കലും
പണ്ടു മരിച്ചവീണയെൻ സ്വപ്നത്തിൽ
ഭ്രമിച്ച നിന്നോർമ്മയവസാനമില്ലാതെ.



## 3)

എത്ര തോരാവർഷ രാത്രികളിൽ
നമ്മളോർമ്മകളിലിഴഞ്ഞെത്തി
പരസ്പരം കെട്ടിപ്പിടിച്ചതും ,
ചുട്ടവേനലിൻ ചൂടുപകുത്തുനാം
സ്വപ്നങ്ങളിൽ മഴവില്ലുകളുണ്ടതും,
ഓർമ്മകൾക്കന്നമായുരുകുന്ന
ജീവിതമോർമ്മ മാത്രമാകിലും
ഓർക്കുവാനേറെയുമിന്നും
അതിമധുരമാം നിന്മുഖം

## 4)

ഉരുകിയുരുകി മരിക്കുമ്പോഴും
ഹാ- സഖീയെനിക്കു നിന്നിലലിയു-
മൊരുകണം ഹിമം ആകണം ,
വെയിലഴകിൽ പൊള്ളുമ്പോഴെങ്കിലും
ഒരു നിമിഷമെന്നിലെയോർമ്മയെ
ഉരുക്കിനേർത്ത കുളിരാകണം..!

## 5)

തിരികെനടക്കുവാനില്ലാത്ത പാതയിൽ
വെറുതെനിൽക്കുന്നയോർമ്മകളെങ്കിലും
ജ്വരിതകാലത്തിൽ ജനിക്കാത്ത ജീവിതം -
പ്രണയനഷ്ടത്തിൽ വിളമ്പുന്നജീവനിൽ ,
നിറനിറയ്ക്കുന്നയാഴത്തിലാണ് നീ
അലയുയർത്തുമെൻ മിഴിസമുദ്രത്തിൽ ..

## 6)

ജലമുറഞ്ഞ മലകൾക്കുമീതെ
പറവപോലെ പറക്കാനുറയ്ക്കവേ
അഴലുതുന്നിക്കിതച്ച ശ്വാസവും
നരകമരണം വിധിച്ചവരാകുമ്പോൾ ,
രണ്ടു ഹൃദയങ്ങൾ തുല്യമാകുമിനി -
ജന്മജന്മാന്തരത്തിന്റെ സ്വപ്നങ്ങളിലൊരു
നിമിഷത്തിനോർമ്മപ്പെരുക്കത്തിൽ
മറവിയിൽ ജീവനെ മറന്നുപോകുമ്പോഴും
പിരിയുവാൻ വെമ്പുമുടലിലവസാനത്തെ
ചുംബനങ്ങളിൽ പുഞ്ചിരിക്കുമ്പോഴും
നിലവിളിച്ചുവോ നാം കണ്ടസ്വപ്നങ്ങൾ..!

## 7)

സ്വപ്നകാലത്തിൽ നിലാവുപെയ്യുന്ന
കുളിരുള്ള രാത്രിയിൽ ഞാനേകനാകവേ,
നീ പുഞ്ചിരിക്കാത്ത നേരത്തിനിടറിയ
നൊന്തുനിൽക്കുമെന്നാത്മാവിനെ
കണ്ടുവോ?

## 8)

ശ്വാസമേഘങ്ങൾ പെയ്തൊഴിഞ്ഞാലും
നിദ്രയിൽ കണ്ണടഞ്ഞുപോയാലും
ദേഹമൊക്കെ തണുത്തുറഞ്ഞുപോകിലും
ദേഹിയിയൊന്നിൽ നിന്നോർമ്മസുരക്ഷിതം

## 9)

മിഴിയാഴത്തിലെ പൂക്കാലമൊന്നിൽ
പൂമ്പാറ്റകളുണ്ടവിടെ നോക്കൂ -
സ്വപ്നങ്ങളിതളിട്ട തേൻനുകരാൻ
പ്രണയത്തിനറിയാ വസന്തങ്ങളും ..!

## 10)

ഏതോ തുലാവർഷപ്പെയ്ത്തിലന്യം
കെട്ടിപ്പിടിച്ചൊരു തുള്ളിയായി നാം,
നഷ്ടത്തിൻ മഴവില്ലുവിരിയവേയറിയാതെ
എവിടേക്കോ ചിതറിപ്പിരിഞ്ഞകന്നവർ .


## 11)

നോക്കൂ, മുളച്ചിരിക്കുന്നു സ്വപ്നത്തിൽ
നാം നട്ട പ്രണയത്തിൻ വേരുകൾ.


## 12)

കണ്ടകിനാവിന്റെ നിഴലുകൾ താണ്ടി
വിരഹത്തിനാഴം വിളിക്കുമ്പോഴും സഖീ,
ജീവനിലടരുന്ന ജീവിതം പേറി ഞാൻ
നീന്തുന്നദുഃഖമാണെന്നുമേ നിന്മുഖം.






# എന്റച്ചാച്ചന് ഒരു ബസ്സുണ്ടാർന്നു



ദർശന

ഇന്നലെകളിലേക്കുള്ള തിരിച്ചുപോക്ക് അത്ര എളുപ്പമല്ല. ഏറെ ഇഷ്ടത്തോടെ ചേർത്തുവച്ചതു തിരഞ്ഞു നടക്കുമ്പോഴാകും ഏറെ നൊമ്പരങ്ങൾ പകർന്നു തന്ന ഒന്ന് അനുവാദം ചോദിക്കാതെ കടന്നുവരുന്നത്. എന്റച്ചാച്ചൻ ബസ് മുതലാളി ആയതല്ല. അങ്ങനെയൊക്കെ ആയിത്തീർന്നതാണ്.

മാന്ദമംഗലത്തെ കൃഷ്ണൻ വക്കീലിന്റെ ശ്രീകൃഷ്ണ ബസ്സിന് എന്തെങ്കിലും കുഴപ്പമുണ്ടായിരുന്നോന്ന് ചോദിച്ചാൽ എന്ത് കുഴപ്പം? വക്കീലിനു പ്രായമേറി . മക്കൾക്ക് ബസ് സർവീസ് തുടരാൻ താല്പര്യമില്ല . എന്നാലും നാട്ടുകാർക്ക് ഉപകാരപ്രദമായ ഒരു പ്രവർത്തനം അങ്ങനെ നിർത്താൻ പറ്റ്വോ? കൃഷ്ണൻ വക്കീല് അച്ചാച്ചനെ വിളിച്ചു. അച്ചാച്ചനാണല്ലോ ശ്രീകൃഷ്ണയുടെ കണ്ടക്ടർ.

'ടോ രാവുണ്ണി, നെനക്ക് നടത്താൻ പറ്റ്വോ ഈ സർവീസ് . റൂട്ടടക്കം തരാടോ . പിള്ളേർക്ക് ഇതിലൊന്നും കമ്പല്യ. ഇവിടെ ആരിരിക്കണ് .

ഒക്കെ നും ബിലാത്തിലാ കണ്ണ്'.

അച്ചാച്ചൻ ഒന്ന് സംശയിച്ചു . കിളവൻ സ്വല്പം അടിച്ചിരിക്കണ നേരാണ് . വിശ്വസിക്കാൻ പറ്റില്ല . കുറച്ചീസായി ഈ വർത്താനം തുടങ്ങിയിട്ട്.

‘ എന്താടോ മിണ്ടാണ്ട് നിക്കണത്. എന്നാലും ഇക്കണ്ട കാലം നീ എന്റെ ഒപ്പ ണ്ടാർന്നില്ലേ . നീയെടുത്തോ ‘.

‘അയ്ന് എന്റേല് എവിടുന്നാ കാശ്? ‘

‘നെന്നോട് ഞാൻ ചോദിച്ചോ? പാട്ടത്തിന് എടുത്തോ . രാത്രി സർവീസ് കഴിഞ്ഞ് ഒരു വിഹിതം എന്റെ കയ്യില് തരണം . അത്രേള്ളൂ‘.

തിരിച്ചുപോരുമ്പോ അച്ചാച്ചന്റെ മനസ്സില് ചോച്ചേരിക്കുന്നത്തെ കാവിലെ പൂരത്തിന്റെ അമിട്ടുകൾ പൊന്തുകയും വിരിയുകയും ചെയ്തു.

തൃശ്ശൂർ മാന്ദാമംഗലം റൂട്ട്, മാന്ദാമംഗലം വെട്ടുകാട് ഭാഗത്തുനിന്നും കാര്യായി ആളോള്ണ്ടാവില്ല. എന്നാലും പുത്തൂര് സെൻറർ എത്തിയാ ആളെ കിട്ടും. കുഴപ്പല്ല്യാത്ത കളക്ഷൻ സ്ഥിരമായി എണ്ണിക്കൊടുത്ത് കൂലി വാങ്ങീതല്ലേ. മൂത്തോനും ഒരു സ്ഥിരം പണിയാകും . എരെമംഗലത്തെ ചെക്കനെ തന്നെ ഡ്രൈവറാക്കാം. ഇടയ്ക്ക് മുടക്ക് എടുക്കണോനാ, എന്നാലും സാരല്ല്യാ . അന്നേരം ആരെയെങ്കിലും നോക്കാം .

‘എന്നിട്ട് ?‘

ദിതി ആകാംക്ഷയോടെ അച്ഛമ്മയെ നോക്കി.

‘ അങ്ങനെ എന്റെ കെട്ടിയോൻ രാവുണ്ണി ബസ് മുതലാളിയായി. നിന്റെ അച്ഛൻ കൺട്രാവിയും ‘.

അച്ഛമ്മ വെളുക്കനെ ചിരിച്ചു. അവരുടെ വെഞ്ചാമരം പോലത്തെ മുടിയിൽ നിന്നും ധന്വന്തരം തൈലത്തിന്റെ നേർത്ത ഗന്ധം നെറ്റിയിലെ ഭസ്മത്തിന്റെ സുഗന്ധത്തോടൊപ്പം ദിതിയെ പുണർന്നു. ചുളിഞ്ഞ മിനുസമാർന്ന കൈകളിലേക്ക് ദിതി മുഖം ചേർത്തുവച്ചു.

‘ബസ് മുതലാളി ആവുമ്പോ ഒരുപാട് കാശുണ്ടാവില്ലേ? എന്നിട്ട് എന്തിനാ നമ്മള് ആ വീട് വിട്ടുപോന്നേ , അച്ഛമ്മേ ?‘

’കാശിനും പത്രാസിനും ഒരു കുറവും ണ്ടായിരുന്നില്ല കുട്ട്യേ ‘.

അച്ഛമ്മ ദീർഘമായി നിശ്വസിച്ചു.

’ എന്റെ കുട്ടാവേ , പഴമ്പുരാണം കേട്ടിരിക്കാണ്ട് വല്ല രണ്ടക്ഷരോം എഴുതാനും വായിക്കാനും പഠിക്ക്. സ്വന്തം കാലിൽ നിക്കണതാ പെൺകുട്ടികൾക്ക് നല്ലത്. ബസ് മുതലാളിമാരുടെ ഗുണം കൊണ്ട് ആരും താമസിക്കാത്ത ഈ കുന്നിന്റെ മോളില് വന്നു കിടക്കാറായി. നാലാളെ കാണണന്ന് വെച്ചാ ഈ കുന്നിറങ്ങി താഴെ പുത്തൂരങ്ങാടീലിക്ക് എത്തണം. ഈ കാലും വെച്ച് അതിനി നടക്കുന്ന് തോന്നണില്ല്യാ ‘.

വലംകൈയിലെ തള്ള വിരലുകൊണ്ട് വെറ്റിലയുടെ ഞരമ്പ് തിക്കിക്കളഞ്ഞു നൂറു തേച്ച് കളിയടക്ക കഷണങ്ങൾ വെച്ച് പൊതിഞ്ഞ് ഇടത്തെ ചിറിയുടെ മൂലയിലേക്ക് തള്ളിവച്ച് ചവച്ചുകൊണ്ട് നിവർത്തി വെച്ച കാല് രണ്ടും അമർത്തി തിരുമ്മി അമ്മമ്മ പറഞ്ഞത് കേട്ട് ദിതി എത്തി നോക്കീതും പൊടുന്നനെ ധന്വന്തരം തൈലത്തിന്റെ സുഗന്ധത്തെ അപ്പാടെ മൂടിക്കൊണ്ട് ടാർപ്പന്റയിനിന്റെ തീഷ്ണഗന്ധം അവിടമാകെ പരന്നു.

‘ഇത്തിരി കോരി ഒഴിച്ചൂടെ നിനക്ക് . കാല് പൊള്ളിപ്പോവൂലോ‘

അച്ഛമ്മ പിറുപിറുത്തു.


‘എത്ര കോരി ഒഴിച്ചാലും വേദനയ്ക്കും കഴപ്പിനും ഒരു കുറവില്ല്യാ ‘

അമ്മമ്മ ടർപ്പന്റയിനിന്റെ കുപ്പി അടച്ചുവെച്ചു. ‘അടങ്ങിയിരിക്കില്ല്യ . എന്താ ചെയ്യാന്റെ കുട്ട്യേ, നേരം വെളുത്താല് ഓല് മണ്ണുവെട്ടിയും എടുത്തോണ്ട് പറമ്പിലേക്കിറങ്ങും. ഓള് നയിച്ചുണ്ടാക്കിയിട്ടാ ഇവിടെ വെക്കണത്. മിണ്ടാണ്ടിരിക്കാണ്ട് ‘.

ദിതി ചിരിച്ചു. മറുപടിയായി അമ്മമ്മ അമർത്തി മൂളി.

ദിതിക്കറിയാം ഈ കുന്നുംപുറത്ത് വന്ന കാലത്ത് പറമ്പ് മുട്ടെ ആളൊപ്പം ഉയരത്തിൽ തൊങ്ങണംപുല്ലായിരുന്നു . നീളൻപുല്ല്. പെണ്ണുങ്ങളത് അരിഞ്ഞു കെട്ടി കൊണ്ടുപോകും. പുല്ലു ചൂല് ഉണ്ടാക്കാൻ.

അമ്മമ്മ മൺവെട്ടിയുമായി നേരം വെളുക്കുമ്പോൾ പറമ്പിലേക്കിറങ്ങും. ചേനയും ചേമ്പും കാച്ചിലും കൂർക്കയും പയറും പറമ്പിലെമ്പാടും നിറഞ്ഞത് അമ്മമ്മയുടെ വേർപ്പു കുടിച്ചാണ്. അതിരുകളിലൊക്കെ കശുമാവിൻ തൈകൾ വെച്ചുപിടിപ്പിച്ചത് എത്ര പൊടുന്നനെയാണ് പച്ച നിറച്ചത്. ഇടയ്ക്കിടെ തെങ്ങിൻതൈകൾ നട്ടതിന് ചുവട്ടിൽ രാമക്കേട്ടന്റെ ബാർബർ ഷോപ്പിൽ നിന്ന് മുടി വാരി ചാക്കിൽ കെട്ടി കൊണ്ടുവന്ന് അച്ചാച്ചൻ വിതറിയിട്ടു. വേരു പിടിക്കാൻ നല്ലതാണ്ത്രെ. പറമ്പ് മുട്ടെ വാഴകൾ ഇലവിരുത്തി നിന്നു. കുഴി കക്കൂസും ഓല വിടവിലൂടെ എത്തിനോക്കുന്ന പാമ്പിൻ കുഞ്ഞുങ്ങളും ഒഴിച്ചാൽ കുന്നിൻപുറത്തെ തെളിമയുള്ള പകലുകളെയും വീശിയടിക്കുന്ന കാറ്റിനെയും തകർത്തു പെയ്യുന്ന മഴയെയും ഇഷ്ടപ്പെടാൻ തുടങ്ങിയിരുന്നു. എന്നാലും ആ പഴയ വീട്. പിച്ചകപ്പൂമണം ചൂടിയ വീട്. പൂക്കൾ നിറഞ്ഞ തൊടി .



'എന്നിട്ട് നമ്മൾ എന്തിനാ ആ വീട്ടീന്ന് പോന്നേ അച്ഛമ്മേ?'

'ഗുണവതിയാരം കൊണ്ട്. അല്ലാണ്ട് പിന്നെ ? കടം കയറിയാ വീട് വിക്കാണ്ട് എന്താ വഴി? '

അമ്മമ്മ പിറുപിറുക്കുന്നത് ശ്രദ്ധിക്കാതെ ദിതി അച്ഛമ്മയെ നോക്കി.

' വക്കീലിന്റെ കാര്യസ്ഥൻ പറ്റിച്ചതാ കുട്ട്യേ', അച്ഛമ്മ നെടുവീർപ്പിട്ടു .

'അതെന്താ അച്ഛമ്മേ, അച്ചാച്ചൻ വക്കീലിന് ദിവസോം കാശുകൊടുക്കാറില്ലേ ?'

'അതല്ലെന്റെ കുട്ട്യേ, വണ്ടിക്ക് ഇൻഷുറൻസ് പുതുക്കീല്യാ. ഓരൊന്നും പറഞ്ഞില്യാ. അന്ന് പുത്തൂര് പൊഴേലിയ്ക്ക് വണ്ടി മറിഞ്ഞിട്ട് കൊറേ പേർക്ക് പരിക്കും പറ്റി. ഒരാള് മരിക്കേം ചെയ്തു. ഇൻഷുറൻസ് ഇല്ലാത്തതുകൊണ്ട് ബാധ്യത മുഴുവൻ അച്ചാച്ചനായി . വണ്ടിയും നന്നാക്കേണ്ടേ. പാട്ടത്തിന് എടുത്തതല്ലേ. തിരിച്ചു കൊടുക്കണ്ടേ . വക്കീലിന്റെ ആളോള് തരം മാറി. കഷ്ടകാലംന്നല്ലാണ്ട് എന്താ പറയാ. ഇരിക്കണോടം പോയി. കിടക്കണോടോം പോയി. നിന്റച്ഛന് അന്യ നാട്ടില് കെടന്നു കഷ്ടപ്പെടാറായി'. അച്ഛമ്മ നനഞ്ഞ കണ്ണുകൾ തുടച്ചു. അവൾ അച്ഛമ്മയുടെ അരികിലേക്ക് ചേർന്നിരുന്നു.

'ബസ് മുതലാളി വരുന്നുണ്ട് ', അമ്മമ്മ മുറുക്കാൻ കൊറ്റൻ മുറ്റത്തേക്ക് നീട്ടിത്തുപ്പി. ദൂരെ നിന്നും അച്ചാച്ചന്റെ ശബ്ദം ഉയർന്നു കേൾക്കായി. വാത്ത്യേടത്തെ രാമക്കേട്ടനോടാണ് ചൂടുപിടിച്ച ചർച്ച. പഞ്ചായത്ത് ഇലക്ഷനില് കോൺഗ്രസ് എട്ടു നിലയിൽ പൊട്ടുംന്നു ബെറ്റും വയ്ക്കുന്നുണ്ട്.

'അച്ചാച്ചൻ കോൺഗ്രസ് ആണെന്നാണല്ലോ പറഞ്ഞത് അമ്മായി', ദിതി ഉറക്കെ ചോദിച്ചു .

'അപ്പ നീയറിഞ്ഞില്ലേ ദിത്യേ , വക്കീലിന്റെ കാര്യസ്ഥൻ കോങ്ക്റസ്സാ. അങ്ങേരോടുള്ള ദേഷ്യത്തിന് പൊറ്റെക്കാട്ടത്തെ വിശ്വത്തിന്റെ അച്ഛന്റെ കൂടെ കൂടി കമ്മ്യൂണിസ്റ്റായി '.

അകത്തെവിടെയോനിന്ന് അമ്മായിയുടെ ചിരി മുഴങ്ങി.

'ദിത്യേ, നിനക്കൊന്നും പഠിക്കാനില്ലേ, നാളെ സ്കൂളില് പോണ്ടേ. അവളുടെ ഒരു കോൺഗ്രസും കമ്മ്യൂണിസ്റ്റും'.

അടുക്കളയിൽ നിന്നും അമ്മയുടെ പിറുപിറുക്കൽ കേട്ടതും അവളെണീറ്റ് പുസ്തകങ്ങൾക്കരിക്കിലേക്ക് നടന്നു. മൊട്ടവിളക്കിന്റെ തിരി ലേശം ഉയർത്തി വെച്ചു.

'വിളക്ക് നീക്കി വയ്ക്ക് പെണ്ണേ , തട്ടിമറിഞ്ഞാ എല്ലാം കത്തി ചാമ്പലാവും', അമ്മായി മുന്നറിയിപ്പോതി .

അച്ഛമ്മ നാമജപം തുടർന്നു.

പുസ്തകങ്ങളുടെ ഇടയില് വായനശാലയിൽ നിന്ന് അമ്മയ്ക്ക് വായിക്കാൻ കൊണ്ടന്ന പുസ്തകം അവളുടെ കണ്ണിൽ തടഞ്ഞു . അവൾ അതെടുത്തു നോക്കി.

'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, തോപ്പിൽ ഭാസി'. ആകാംക്ഷയോടെ പുസ്തകം നിവർത്തി .

'അമ്പടി കള്ളി , ലൈബ്രറി പുസ്തകം വായിക്ക്യാ നീയ് '.

പിന്നിൽ ചെറിയച്ഛൻ .

'ഞാനിപ്പം ചേച്ചിയോട് പറയും '.

'എന്റെ പൊന്നു ചെറിയച്ഛനല്ലേ , പറയല്ലേ അമ്മേടെ കയ്യിന്ന് നല്ല തല്ലുകിട്ടും . പ്ലീസ് '.

ദിതി കെഞ്ചി .

'എന്നാ നിന്റെ കുടുക്കേന്ന് ഇരുപത് രൂപ താ, രണ്ടീസം കഴിഞ്ഞിട്ട് തരാം'.

'ഉം, , ബീഡി വാങ്ങാനല്ലേ. ഇത് നല്ലതല്ലാട്ടാ.

ചെറിയച്ഛൻ പൊക്കോ. ഞാൻ കൊണ്ടന്ന് തരാം '.

'അതെന്താ ഞാനിവിടെ നിന്നാല്?'

'അങ്ങനെ വേണ്ട. കുടുക്ക വെച്ചേക്കുന്ന സ്ഥലം കാണാനല്ലേ, പൊക്കോ ഇവിടുന്ന് '.

'കാശ് തന്നില്ലേ ചേച്ചിയോട് പറയും ട്ടാ'.

ചെറിയച്ഛൻ പോയെന്ന് ഉറപ്പുവരുത്തി അവൾ തുണിപ്പെട്ടിക്കടിയിൽ നിന്നും കുടുക്കയെടുത്തു. തിരിച്ചു പിടിച്ച് ഈർക്കിൽ കഷ്ണം കൊണ്ട് പതുക്കെ നാണയങ്ങൾ തോണ്ടിയിട്ടു.

അമർഷത്തോടെ മേശമേലേയ്ക്ക് നോക്കി. മൊട്ട വിളക്കിന്റെ വെളിച്ചത്തിൽ ചുവന്ന അക്ഷരങ്ങൾ തിളങ്ങുന്നു. ശക്തമായ കാറ്റിൽ പുസ്തകത്തിന്റെ പേജുകൾ മറിഞ്ഞു. അവൾ അതിനു മുകളിലേക്ക് പുസ്തകസഞ്ചി എടുത്തു വച്ചു. മൊട്ടവിളക്കിന്റെ നാളങ്ങൾ പിടഞ്ഞു.

കഥ

# ആൺവേശ്യകളുടെ വീട്



ദിവ്യ സി ആർ

**അ**ലസമായൊരു വൈകുന്നേരത്തിലാണ് സന്ധ്യ എനിക്കയാളെ പരിചയപ്പെടുത്തുന്നത്. നാട്ടു വിശേഷങ്ങളും വീട്ടുവിശേഷങ്ങളും കടന്ന് പഴയ സ്കൂൾ ഓർമ്മകളിലേക്ക് തിരിയുന്ന വഴികളിൽ നിന്നാവണം, സംസാരം അയാളിലേക്ക് ചെന്നെത്തിയത്. ഞാൻ അതുവരെ അയാളെ കുറിച്ച് അറിഞ്ഞത് അയാൾ ഒരു അധ്യാപകൻ എന്നാണ്. അതുകൊണ്ടുതന്നെ അയാളുടെ 'ആൺവേശ്യകളുടെ വീടി'നെ കുറിച്ച് അറിഞ്ഞപ്പോൾ വിശ്വസിക്കാൻ പ്രയാസമായതും. എന്നാൽ അവൾ എത്രത്തോളം വിശദീകരിച്ചിട്ടും അയാളെ കുറിച്ചുള്ള എന്റെ സങ്കൽപ്പങ്ങൾക്ക് ഒരു കോട്ടവും തട്ടുന്നില്ലെന്ന് മനസ്സിലാക്കിയത് കൊണ്ടാവണം എന്നെയും കൂട്ടി അയാളുടെ വീട്ടിലേക്ക് അവൾ തിരിച്ചത്.

ടാർ പതിഞ്ഞ റോഡിൽ നിന്നും ഇളക്കിയ മെറ്റലുകൾ വിതറിയ വഴിയിലൂടെ വാഹനം സഞ്ചരിച്ച് മതിലുകൾക്കുള്ളിൽ നിറയെ കുറ്റിച്ചെടികളുള്ള വീടിനു മുന്നിൽ നിർത്തി. വണ്ടിയിൽ നിന്നിറങ്ങി മുറ്റത്തെ കരിയിലകളിൽ കാൽപെരുമാറ്റം കേൾക്കുമ്പോൾ, വീടിനുള്ളിൽ ചെറിയ വെളിച്ചം തെളിഞ്ഞു. വരാന്തയിൽ കത്തുന്ന നിലവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ പൊക്കം കുറഞ്ഞ തടിച്ചുരുണ്ട ഒരു മനുഷ്യൻ വന്യമായി ചിരിച്ചുകൊണ്ട് ഇരുളിൽ നിന്ന് കടന്നുവന്ന് ഉള്ളിലേക്ക് ക്ഷണിച്ചു. അകത്തെ മുറികളിൽ നിന്നും ആരൊക്കെയോ തല പുറത്തേക്ക് നീട്ടി മുറിക്കുള്ളിലേക്ക് കയറിപ്പോയി.

പൂജാമുറിയിൽ നിന്നിറങ്ങി വന്ന കുറുകിയ ആ മനുഷ്യൻ ഒരു വഷളൻ ചിരി സമ്മാനിച്ച് ഇരിക്കുവാനായി ഇരുപ്പിടങ്ങളിലേക്ക് ക്ഷണിച്ചു.

ആർഭാടങ്ങൾ നിറഞ്ഞ ആഡംബര വീട് കണ്ടാൽ 'ആൺവേശ്യകളുടെ വീടാ'ണെന്ന് പറയുകയില്ല. അയാളും അയാളുടെ ഭാര്യയും രണ്ട് ആൺ മക്കളും മക്കളുടെ സുഹൃത്തുക്കൾ എന്നവകാശപ്പെടുന്ന 20നും 30നും ഇടയിൽ പ്രായമുള്ള നാലഞ്ചു ചെറുപ്പക്കാരുമാണ് ആ വീട്ടിലെ അന്തവാസികളായി ഉണ്ടായിരുന്നത്.




വീടിൻെറ ഭിത്തികളിൽ വിലപിടിപ്പുള്ള പരമ്പരാഗത സ്വഭാവമുള്ള കരകൗശല വസ്തുക്കളുടെ

കമനീയമായ ശേഖരങ്ങൾ.!

ആകെയൊരു കുലമഹിമ വിളിച്ചോതുന്ന കാഴ്ച തന്നെ.!

'സന്ധ്യയെ ആരൊക്കെയോ തെറ്റിദ്ധരിപ്പിച്ചതാകാം..' ഇവിടെ ന്യൂനതയെന്ന് പറയുവാൻ യാതൊന്നുമില്ല. മാത്രവുമല്ല ഇതുവരെ ഞാനൊരു വേശ്യാലയത്തിലും അങ്ങനെയുള്ള വീട്ടിലേക്കർ സ്ഥലത്തേക്കോ പോയിട്ടുമില്ല. നാട്ടിലെ പല സ്ത്രീകളെയും കുറിച്ച് കേൾക്കുമ്പോൾ, അവരുടെ അനുഭവങ്ങളെ കുറിച്ചറിയുമ്പോൾ ഓരോ സ്ത്രീകളും കടന്നുപോയ സാഹസികങ്ങളായ വഴികളോർത്ത് ആശ്ചര്യപ്പെടുകയും ഒരുപക്ഷേ അത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോയാൽ ഇങ്ങനെയല്ലാതെ എങ്ങനെ ജീവിക്കാനെന്ന് ദീർഘനിശ്വാസത്താൽ ഒരു ആശ്വാസവും കണ്ടെത്തിയിരുന്നു.



പക്ഷേ...

ഇത്..!

ആർഭാടങ്ങൾക്ക് നടുവിൽ ജീവിക്കുന്ന ഇത്തരം മനുഷ്യർ മാന്യതയുടെ മുഖംമൂടി അണിഞ്ഞ്...

കാപട്യം നിറഞ്ഞ ലോകം...

സദാചാരവാദികളായ സമൂഹത്തിൽ...

എന്റെ ചിന്തകൾക്ക് വിരാമമിടുന്നതിനുമുമ്പ് തന്നെ അയാളുടെ അട്ടഹാസം അവിടെ മുഴങ്ങിക്കേട്ടു.

സന്ധ്യയെക്കുറിച്ചും എന്നെക്കുറിച്ചും അവളുടെ ജോലിയെക്കുറിച്ചുമൊക്കെ അയാൾ വാചാലനായി. കുറച്ചധികം നാട്ടുവിശേഷങ്ങൾക്കും വീട്ടുവിശേഷങ്ങൾക്കുമൊടുവിൽ ഒരു പെൺകുട്ടി ഞങ്ങൾക്ക് ചായയുമായി വന്നു. അവൾക്ക് പിന്നാലെ തടിച്ച ആ സ്ത്രീയും.! അയാളെപ്പോലെ ഉറക്കെ ചിരിച്ചുകൊണ്ട് ഞങ്ങൾക്കിലേക്കരുകിലേക്ക് കടന്നു വന്നു.

സന്ധ്യ, അതയാളുടെ ഭാര്യയാണെന്ന് പരിചയപ്പെടുത്തി. അയാളുടെ അകന്ന ബന്ധു കൂടിയാണ് സന്ധ്യ. അതുകൊണ്ടുതന്നെ അവൾക്ക് അവരെക്കുറിച്ച് നന്നായി അറിയാം. കുറച്ചധികം സമയത്തിന് ശേഷം ഇനി എന്തു പറയുവാൻ..? എന്ന ചിന്ത അഥിതിയ്ക്കും ആതിഥേയനുമുണ്ടായ സ്ഥിതിക്ക് അവിടം വിടുകയാണ് നന്നെന്ന ധാരണയിൽ ഞാൻ സന്ധ്യയെ നോക്കി.

അവൾ എന്നെ നോക്കി കണ്ണടച്ചു. എന്തോ ഉറപ്പിച്ച മട്ടാണ്.

അയാളും ഭാര്യയും ഞങ്ങളെ എങ്ങനെ ഇറക്കി വിടുമെന്നോർത്ത് അസ്വസ്ഥതപ്പെടുന്നത് കണ്ടപ്പോൾ മനസ്സിൽ ചിരിയൂറി.

അപ്പോഴേക്കും അയാളുടെ മൊബൈൽ ഫോൺ ശബ്ദിക്കാൻ തുടങ്ങി. ഞങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാനുമായി അയാൾ ആ

ഫോൺ കോളുമായി പുറത്തേക്കിറങ്ങി. എന്റെ കണ്ണുകളും കാതുകളും അയാൾക്ക് പിന്നാലെ സഞ്ചരിക്കാൻ തുടങ്ങി. അത് മനസ്സിലാക്കിയിട്ടെന്നോണം അയാളുടെ ഭാര്യ ഞങ്ങളോട് ഉറക്കെ സംസാരിക്കാൻ തുടങ്ങി.

' എത്ര ദിവസം നാട്ടിൽ ഉണ്ടാകും..?'

ചോദ്യം എന്നോടാണെന്ന് മനസ്സിലായത് അവരത് ആവർത്തിച്ചപ്പോഴാണ്.

' ഒരാഴ്ച കൂടി..'

വളരെ ഔപചാരികതയോടെ മറുപടി നൽകി പിന്നെ എന്തൊക്കെയോ ചോദിച്ചിരുന്നു. അപ്പോഴും അയാൾ ഫോണിൽ ആരോടെയോ ഘനപ്പിച്ച ഒച്ചയിൽ എന്തൊക്കെയോ സംസാരിക്കുന്നു. പെട്ടെന്ന് സംസാരം നിർത്തി വർദ്ധിച്ച കോപത്തോടെ മുകളിലുള്ള മുറിയിലേക്ക് കയറി. വാതിൽ ശക്തിയായി അടച്ചു. പിന്നാലെ ഞങ്ങളോട് സംസാരിച്ചിരുന്ന ഭാര്യയും മുകളിലേക്ക് കയറിപ്പോയി.

എന്ത് ചെയ്യണമെന്നറിയാതെ ഞാനും സന്ധ്യയും പകച്ചിരുന്നു.

' എന്താ നീ കാണിച്ചു കൂട്ടിയത്..?' മകന്റെ മുൻപിൽ അയാൾ കോപാകുലനായി.

' ഇതിനാണോ നിന്നെ ഞാൻ വളർത്തുന്നത്.. നീ ഇതുവരെ കാണാത്ത എന്താണ് ആ പെണ്ണിൽ കണ്ടത്..? എന്റെ സ്വപ്നങ്ങളെല്ലാം തകർന്നു..'

'നീ നശിക്കും.. എല്ലാവരെയും നശിപ്പിക്കും.. ഈ കുടുംബം തന്നെ നശിക്കും..'

വിവേക് അച്ഛന്റെ മാറിമാറി വരുന്ന വികാരക്ഷോഭങ്ങളിൽ അത്ഭുതപ്പെട്ട് മിണ്ടാതെ പേടിച്ചുനിന്നു.

ചുറ്റിലും നടക്കുന്നത് മനസ്സിലാകാതെ ഞങ്ങളും താഴെ മാറിനിന്നു.

ആ വീടും വീട്ടിലെ മനുഷ്യരും ഞങ്ങളുടെ സാന്നിധ്യം തന്നെ മറന്നിരിക്കുന്നു.

'നാളെയും മറ്റന്നാളും നിനക്ക് ആവശ്യക്കാരുണ്ട്. നന്നായി ഭക്ഷണം കഴിച്ച് ഉറങ്ങ്.'

അയാൾ ഒരു വിധത്തിൽ ക്ഷോഭം നിയന്ത്രിക്കാൻ ശ്രമിച്ചു.

'പിന്നെ ആ പെണ്ണിന്റെ പിന്നാലെയുള്ള പോക്ക് നീ മതിയാക്കണം. എനിക്ക് നിന്നെ വേണം. എനിക്ക് സമ്പാദ്യം വേണം. നിനക്ക് അറിയാമല്ലോ..എനിക്ക് പണം വേണം. അതിന് ഏറ്റവും സുരക്ഷിതമായ മാർഗ്ഗമിതാണ്.'

'പണവുമായി സുഖം തേടി നടക്കുന്ന പെണ്ണുങ്ങൾ.!'

'അവരുടെ മാദകഗന്ധം മാത്രമായിരിക്കണം നിന്റെ സിരകളിൽ നിറയേണ്ടത്. അല്ലാതെ ഏതോ അഷ്ടിയ്ക്ക് ഗതിയില്ലാതെ ദരിദ്രവാസി പെണ്ണല്ല.'

'അവളെ വീട്ടിൽ വിളിച്ചു കൊണ്ടുവന്ന് കുടുംബ തകർക്കാൻ നോക്കിയാൽ...'

അയാൾ പെട്ടെന്ന് നിർത്തി. അപ്പോഴാണ് അയാൾ ഞങ്ങളെ ശ്രദ്ധിക്കുന്നതും.

' നിങ്ങൾ ഇതുവരെ പോയില്ലേ..?' അയാൾ ആകെ പരുങ്ങി. അയാളിലേക്കൊരു ചൂണ്ടയെറിയാൻ ഞങ്ങളും തയ്യാറെടുത്തു.

' ഞങ്ങളും ഇതേ ആവശ്യം...' അയാളുടെ കണ്ണുകൾ തിളങ്ങി. പണം കയറി വരുന്ന വരവിനെ കുറിച്ചോർത്ത് സന്തോഷം മുഖത്തെ കൂടുതൽ തിളക്കമുള്ളതാക്കി.

' എങ്ങനെയാണ് ഡീലിംഗ്സ്..?'

' ഒരു ദിവസത്തേക്ക് 25000 രൂപ.!'

' രണ്ടാൾക്കും ഒന്നിച്ചാണോ.. അതോ..?'

അയാളുടെ ചിരിയുടെ മുമ്പിൽ ചോദ്യമുയർന്നു.

' നിങ്ങൾക്ക് അവനെ ഇഷ്ടപ്പെട്ടാൽ സ്ഥലമൊക്കെ നിങ്ങൾക്ക് തീരുമാനിക്കാം.'

' ഇവിടെ വേണ്ട. സ്ഥലവും തീയതിയും ഞങ്ങൾ പറയാം.'

'അഡ്വാൻസ് തന്നാൽ അവരെ കാണിക്കാം..'

ഉടൻതന്നെ അയാൾ പറഞ്ഞ തുക ഗൂഗിൾ പേ ചെയ്തു.

മകനെ വിളിച്ചു. നല്ല സമർത്ഥരായ നാലഞ്ച്, ഇരുപത്തിയഞ്ച് വയസ്സിനോടടുത്ത് പ്രായമുള്ള ചെറുപ്പക്കാർ അവിടെ വന്നു. അവർ വന്നയുടനെ അവരുടെ മുണ്ട് മാറ്റി അയാൾ അവരെ നഗ്നരാക്കി. യാതൊരു ഭാവവ്യത്യാസവുമില്ലാതെ ആ ചെറുപ്പക്കാർ ഒരു ബോഡി ഷോയിൽ പങ്കെടുക്കുന്ന ലാഘവത്തോടെ നിന്നു.

ഒരു നിമിഷം സ്തംഭിച്ചുപോയ ഞങ്ങളോട് അവരിൽ ആരെയാണ് ഇഷ്ടമായതെന്ന് ചോദിച്ചു.

ആരുടെയോ നേരെ വിരലുകൾ ചൂണ്ടി മനസ്സിൽ നിറഞ്ഞ അവജ്ഞ പുറത്ത് കാണിക്കാതെ, സ്ഥലവും ദിവസവും അറിയിക്കാം എന്ന് പറഞ്ഞ് അവിടെ നിന്നിറങ്ങുമ്പോൾ നരഭോജിയായ ഒരു മൃഗത്തിന്റെ മുന്നിൽ നിന്നും രക്ഷപ്പെട്ട പ്രതീതിയായിരുന്നു. അവിടെ നിന്നിറങ്ങുമ്പോൾ ഒരിക്കൽ കൂടി ഇരുളിൽ കനത്ത ആ വീട്ടിലെ കത്തുന്ന വിളക്കിലേക്ക് നോക്കാതെ അവിടം വിട്ടുറങ്ങാൻ കഴിഞ്ഞതേയില്ല. ●

# ഒരു താറാവുകാരന്റെ യാത്ര



റസാഖ് തൊഴിയൂർ

ജൂൺ മാസത്തിലായിരുന്നു ഒരുകൂട്ടം താറാവുകളുമായി അയാൾ വന്നത്, കോരി ചൊരിയുന്ന മഴ തൊടിയിലാകെ വെള്ളക്കെട്ട് ചീവിടുകളുടെ കരച്ചിൽ ആ കരച്ചിലിന് സംഗീതം നൽകി തവളകൾ,

ഒപ്പം ചാറ്റൽ മഴയും തണുത്ത കാറ്റും,

ഉരുണ്ടു കൂടിയ കാർമേഘങ്ങൾ ദിശ യറിയാതെ ആകാശത്തിനു താഴെയും ഭൂമിക്ക് മീതെയും, സായം സന്ധ്യ പകലിനെ യാത്രയാക്കി തുടങ്ങി ദിനകരൻ പാതി ചിമ്മിയ മിഴികൾ കൊണ്ട് സാഗരത്തിലേക്ക് മുങ്ങുന്ന പോലെ നിറയെ കുങ്കുമ കളറിൽ ചുറ്റി നിൽക്കുന്നുണ്ട്,

താറാവുകാരൻ കയ്യിൽ പിടിച്ച കുടയും ചുണ്ടിൽ കത്തിച്ച ഒരു ബീഡിയും ഉണ്ട്

കാഴ്ചയിൽ ചെറിയ സുന്ദരൻ തന്നെ,

കൂടെ ഒരു സഹായിയും ഉണ്ട്

വെള്ളം നിറഞ്ഞു നിൽക്കുന്ന പാടത്തേയ്ക്ക് താറാവുകളെ ഇറക്കാനുള്ള പരിപാടിയാണ്

അപ്പോഴേക്കും മഴ ശക്തി പെട്ടു തുടങ്ങി, താറാവുകാരൻ കൂടെയുള്ള സഹായിയോട് പറഞ്ഞു ഇനി ഇന്ന് ഇറക്കിയാൽ ശരിയാവില്ല നാളെ രാവിലെ ഇറക്കിയാൽ മതി

കത്തിച്ച ബീഡി അയാൾ ആ മഴ വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞു, അടുത്ത് നിൽക്കുന്ന എന്നോട് എവിടെ വീട് എന്നു ചോദിച്ചു ?

ഞാൻ പറഞ്ഞു ആ പാടത്തിന്റെ അടുത്ത വീടാണെന്ന്

പഠിക്കുകയാണോ ?

ഞാൻ പറഞ്ഞു പഠിക്കുന്നു എന്ന്

അയാൾ ചോദിച്ചു എത്രയിൽ ആണെന്ന് ഞാൻ പറഞ്ഞു ഒമ്പതാം ക്ലാസ്സിൽ അയാൾ തലയാട്ടി വീട്ടിൽ വന്നാൽ ഭക്ഷണം കിട്ടുമോ ? നല്ല വിശപ്പ് ഉണ്ട് ഞാൻ



പറഞ്ഞു വാ എന്തെങ്കിലും കഴിക്കാം ,

ഞാൻ അയാളുമായി വീട്ടിൽ വരാൻ തുടങ്ങിയപ്പോൾ അയാൾ സഹായിയെ വിളിച്ചു പറഞ്ഞു ആ താറാവുകളെ ടെന്റിന്റെ ഉള്ളിൽ ആക്കാൻ ( വല കൊണ്ട് ചുറ്റുഭാഗം കെട്ടിയ വേലി പോലെ ) സഹായി അതിനെയെല്ലാം ഉള്ളിൽ ആക്കി തുടങ്ങി,

രാത്രി ഇരുട്ടിനു പൂർണ്ണമായും വഴി മാറി കഴിഞ്ഞിരുന്നു,

അയാളും ഞാനും വീട്ടിൽ വന്നു അമ്മയെ വിളിച്ചു ഞാൻ പറഞ്ഞു ഇയാൾക്ക് കുറച്ചു ഭക്ഷണം കൊടുക്കണം എന്നു പറഞ്ഞു അപ്പോൾ അമ്മ പറഞ്ഞു ചോറും മീൻ കറിയും കഴിക്കുമോ ?

അല്ലെങ്കിൽ കപ്പയും

കാപ്പിയും തരട്ടെ

അയാൾ പറഞ്ഞു കപ്പയും കുറച്ചു ചോറും മീൻ കറിയും മതി എന്ന്

അമ്മ പറഞ്ഞു കൈ കഴുകി വരൂ എന്ന് അയാൾ മെല്ലെ ഒന്നു പുഞ്ചിരിച്ചു, കൈ കഴുകി വന്നപ്പോൾ അയാൾക്കുള്ള ഭക്ഷണം അമ്മ കൊണ്ടു വരുമ്പോഴേക്കും ഞാൻ ഒരു പായ ഉമ്മറപ്പടിയിൽ ഇട്ടു

ആ പായയിൽ ഭക്ഷണം എല്ലാം വെച്ചു അയാൾ പിന്നെ മെല്ലെ ഭക്ഷണം കഴിച്ചു തുടങ്ങി ,

വീണ്ടും മഴ തുടങ്ങി

നല്ല കാറ്റും ഉമ്മറപ്പടിയിൽ വെച്ച ചിമ്മിണി വിളക്ക് കാറ്റിനോട് പൊരുതുകയാണ് പിടിച്ചു നിൽക്കണം അല്ലെങ്കിൽ എന്നെ ആശ്രയിക്കുന്നവരെ ഇരുട്ടിൽ ആക്കുമോ എന്ന ഭയം ആ വിളക്കിനെ ആശങ്കപ്പെടുത്തുകയാണ് അതുകൊണ്ട് കാറ്റിനെ നന്നായി പ്രതിരോധിക്കുന്നുണ്ട്, ഇതു കണ്ട താറാവുകാരൻ ജീവിതത്തിൽ പിടിച്ചു നിൽക്കണമെന്ന് മനസ്സിൽ കരുതിയ പോലെ എനിക്ക് തോന്നി അയാളുടെ മുഖം കണ്ടപ്പോൾ,

ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ അയാൾ പോകാൻ ഇറങ്ങി,

അയാൾ എന്നെ വിളിച്ചു ചോദിച്ചു നാളെ വരുമോ ?

ഞാൻ പറഞ്ഞു വരാം എന്ന്,

അയാൾ പോയപ്പോൾ അമ്മ എന്നോട് പറഞ്ഞു പരിചയമില്ലാത്ത ആരെയും വീട്ടിൽ കൊണ്ടു വരരുത്

ഞാൻ പറഞ്ഞു അയാൾ വിശപ്പ് ഉണ്ടെന്ന് പറഞ്ഞപ്പോൾ കൊണ്ടു വന്നതാണ്

അമ്മ പറഞ്ഞു ഒരാൾ വിശപ്പ് ഉണ്ടെന്ന് പറഞ്ഞാൽ ഭക്ഷണം കൊടുക്കണം അതൊരു പുണ്യമാണ് പക്ഷെ

ആളുകൾ എത് തരക്കാരാണ് എന്നു നമ്മുക്കറിയില്ല

അയാളുടെ മുഖം കണ്ടപ്പോൾ എന്തോ ഒരു ഈശ്വര ചൈതന്യമുള്ള പോലെ എനിക്ക് മനസ്സിലായി പക്ഷെ വളരെ വിനയവും ഉണ്ട് ,

രാവിലെ ഞാൻ എണീറ്റപ്പോൾ എനിക്ക് ചായയും പലഹാരങ്ങളും അമ്മ തന്നു അതു കഴിച്ചു ഞാൻ താറാവുകാരന്റ അടുത്തേക്ക് പോകട്ടെ എന്ന് പറഞ്ഞപ്പോൾ അമ്മ അയാൾക്കും സഹായിക്കും ഉള്ള പലഹാരങ്ങളും ചൂടുള്ള ചായയും തന്നു,

ഞാൻ അതുമായി ചെല്ലുമ്പോൾ അയാൾ താറാവുകളെ പാടത്തേയ്ക്ക് ഇറക്കി കഴിഞ്ഞു

എന്നെ കണ്ടതും അയാൾ വേഗം എന്റെ അടുത്തേക്ക്

വന്നു വിശേഷങ്ങൾ ചോദിച്ചു ?

ഞാൻ നല്ല വിശേഷങ്ങൾ എന്നു പറഞ്ഞു, ഞാൻ ചായ കൊണ്ടു വന്നിട്ടുണ്ട്

അയാൾ പറഞ്ഞു ചായ കടയിൽ പോയി കുടിച്ചു

സാരമില്ല ഒന്നുകൂടി കുടിക്കാം ആ നേരം അയാളുടെ സഹായി കുറച്ചു മുട്ടകൾ ആയി വന്നിരുന്നു ,

അവർ രണ്ടു പേരും ചായയും പലഹാരങ്ങളും കഴിച്ചു, ഞാൻ ചോദിച്ചു ? എത്ര ദിവസം ഉണ്ടാകും എന്ന് അയാൾ പറഞ്ഞു മൂന്നോ നാലോ ദിവസം അതുകഴിഞ്ഞാൽ അടുത്ത സ്ഥലം,

അവസാന ദിവസം മുതലാളി വരും

പിന്നെ മുട്ടയെല്ലാം ആ മുതലാളി കൊണ്ടു പോകും ,

താറാവുകാരൻ എന്നോട് ചോദിച്ചു അവിടെ എന്റെ ഒരു ബാഗ് ഉണ്ട്, അതു കൊണ്ടുവരാൻ സഹായിയോട് പറഞ്ഞു പെട്ടെന്ന് ബാഗുമായി സഹായി വന്നു

അതിൽ നാലഞ്ച് പുസ്തകങ്ങൾ ഞാൻ ചോദിച്ചു ഈ പുസ്തകങ്ങൾ ആ

രുടേതാ ?
എന്റെ പുസ്തകം
ഒഴിവു സമയങ്ങളിൽ ഇതെല്ലാം പഠിക്കണം,
അയാൾ മുകളിലേക്ക് നോക്കി മുഖത്ത് ഒരു വിഷമം ഉള്ള പോലെ എനിക്ക് തോന്നി,
അച്ഛൻ അമ്മയെ ഉപേക്ഷിച്ചു പോയപ്പോൾ ജീവിതം ആകെ ദുരിതങ്ങൾ നിറഞ്ഞതായി കൂടെ പഠിച്ചവർ കോളേജിൽ പോകുമ്പോൾ ഞാൻ സ്വയം ഈ ജോലിയോടൊപ്പം പഠിക്കുകയാണ്
എന്റെ അമ്മ അതാണ് എന്റെ ലോകം അമ്മയുടെ ഒരാഗ്രഹം ആണ് എനിക്ക് ഒരു സർക്കാർ ജോലി കിട്ടുക എന്നത്
അതിനു പഠിക്കണം
പഠിക്കാൻ ഒരുപാട് ആഗ്രഹം ഉണ്ട് അതിനിടയിലാണ് ഈ ജോലിയും അയാളുടെ കണ്ണ് ചുവന്നു മുഖം ആകെ മാറി,
അതെല്ലാം എന്റെ ചിന്തയിൽ കറങ്ങിയിരുന്നു,
ഞാൻ പോകട്ടെ എന്നു ചോദിച്ചു ?
അയാൾ പറഞ്ഞു ഇനി വരുമോ ?
എന്ന് ഞാൻ പറഞ്ഞു സമയം കിട്ടിയാൽ വരാമെന്ന്
അയാളുടെ പുസ്തകത്തിൽ എന്റെ അഡ്രസ്സ് എഴുതി എടുത്തു,
ഞാൻ വീട്ടിലേക്ക് മടങ്ങി അപ്പോഴേക്കും മഴ ശക്തിപ്പെട്ടു,
തിങ്കളാഴ്ച സ്കൂളിൽ പോകുമ്പോൾ ഞാൻ അയാളെ നോക്കി കണ്ടില്ല പറയാതെ പോയതിൽ സങ്കടം തോന്നി,
വർഷങ്ങൾ കഴിഞ്ഞു ഞാൻ ഗൾഫിൽ നിന്ന് നാട്ടിൽ പോയി ഒരു മാസത്തെ അവധി
ആ അവധിയിൽ വിവാഹാലോചനകൾ നടക്കുന്നു ഞാൻ അഞ്ചാറു പെണ്ണ് കണ്ടു അവസാനം അകലാട് നിന്ന് വന്ന ആലോചന നടക്കും എന്ന് ഉറപ്പായി,
വീട്ടിൽ നിന്ന് ടൗണിൽ പോകാൻ നിൽക്കുമ്പോൾ പോസ്റ്റുമാൻ ഒരു എഴുത്ത് എന്റെ നേരെ നീട്ടി
ഫ്രം
ഹരി
എഴുത്ത് വായിച്ചു
റസാഖ് ഞാൻ ഹരിയാണ്
ആ പഴയ താറാവുകാരൻ
ഒരുപാട് വിശേഷങ്ങൾ എഴുതിയ കത്ത്
ഈ എഴുത്ത് കിട്ടിയാൽ ആ വില്ലേജ് ഓഫീസിൽ വരണം
അന്ന് ഞാൻ ഉച്ചക്ക് ഊണ് കഴിക്കാതെ ആ താറാവുകാരനെ കാണാൻ പോയി,
അവിടെ ഹരിയെ ചോദിച്ചു ?
ഒരാൾ പറഞ്ഞു വില്ലേജ് ഓഫീസറുടെ മുറിയിൽ ഉണ്ടാകും,
ഞാൻ കരുതി എന്തെങ്കിലും ആവശ്യത്തിന് വന്നതാകും എന്ന്
തുറന്നു കിടക്കുന്ന വില്ലേജ് ഓഫീസറുടെ മുറിയിൽ പോയി ഞാൻ ചോദിച്ചു സാർ ഇവിടെ ഹരി എന്നു പറഞ്ഞ ഒരാൾ ഉണ്ടോ ?
അയാൾ ചോദിച്ചു നിങ്ങൾ ആരാണ് ?
ഞാൻ പറഞ്ഞു റസാഖ്.
അയാൾ ആ കസേരയിൽ നിന്ന് എണീറ്റ് എനിക്ക് കൈ തന്നു,
എടോ ഞാൻ തന്നെയാണ് ഹരി
എന്നു പറഞ്ഞതും എന്നെ കെട്ടിപിടിച്ചു
ഞാൻ സ്വപ്നങ്ങൾ കാണുകയാണോ എന്ന് ?
അയാൾ പറഞ്ഞു
അന്നത്തെ ആ താറാവുകാരൻ ഇന്ന് വില്ലേജ് ഓഫീസർ ആയാടോ ,
സ്വയം പഠിച്ചു ഞാൻ, അമ്മയാണ് എന്നെ ഈ നിലയിൽ എത്തിച്ചത് , ഈ ആഴ്ച സ്ഥലം മാറി പോകുകയാണ് തന്നെ കാണണ മെന്ന് ഒരുപാട് ആഗ്രഹം ഉണ്ടായിരുന്നു ഇന്ന് അത് സാധിച്ചു,
അങ്ങനെ ഒരുപാട് പറഞ്ഞു തീരാത്ത വിശേഷങ്ങൾ ആകുമ്പോഴേക്കും
അഞ്ചു മണി കഴിഞ്ഞു ഇനി വീട്ടിൽ എത്താൻ വൈകിയാൽ അമ്മ വിഷമിക്കും പാവം അമ്മ അയാൾ അതും പറഞ്ഞു നേരെ വണ്ടിയിൽ കയറി പിന്നെ കാണാം എന്നു പറഞ്ഞു,
പിന്നെ ഉള്ള ദിവസങ്ങൾ ഞാൻ എന്റെ വിവാഹം തിരക്കെല്ലാം കഴിയുമ്പോഴേക്കും
ഞാൻ വീണ്ടും പ്രവാസിയായി .




# ഒടുങ്ങാത്ത പക

ഷംല ആവള

തീ പാറുന്ന നീലിമയുടെ കണ്ണുകൾ കണ്ടാൽ അറിയാം, അവൾക്ക് മരിച്ചു മണ്ണോടു ചേർന്നിട്ടും തന്നോടുള്ള പക അവസാനിച്ചിട്ടില്ല എന്നത്. നീലിമയുടെ അലർച്ച വിവേകിനെ ഭയപ്പെടുത്തി.

'എന്താടാ, തുറിച്ചു നോക്കുന്നത്?

ഇന്ന് നിന്റെ അവസാനം ആണ്, എന്നെ നീ ഇല്ലാതാക്കിയിട്ട് ഇന്നേക്ക് പത്തു വർഷം തികയുന്നു, ഇത്രയും കാലം ഞാൻ കാത്തിരുന്നതും ഈ ഒരു ദിവസത്തിന് വേണ്ടിയായിരുന്നു. ഇന്നത്തെ അമാവാസി കഴിഞ്ഞാൽ എനിക്കു നിന്നോടുള്ള പ്രതികാരം അവസാനിപ്പിച്ചു മടങ്ങേണ്ടി വരും. ഇല്ല അത് നടക്കില്ല. നീ ഇല്ലാതാവണം. എങ്കിലേ എനിക്കു സമാധാനമായി മടങ്ങാൻ കഴിയുകയുള്ളു '.

നീലിമ ഉറക്കെ അലറുമ്പോഴും അവളുടെ കയ്യും തലയും അവനിലേക്ക് നീളുന്നുണ്ടായിരുന്നു.

തറയിൽ നിന്നുയർന്നു വായുവിൽ നിൽക്കുന്ന നീലിമയുടെ കാലുകളിലേക്ക് നോക്കി വിവേക് ഭയന്നു ഉറക്കെ നിലവിളിച്ചു.

എന്നാൽ അവന്റെ ശബ്ദം പുറത്തേക്ക് വന്നില്ല.

നീലിമ ഒരു നിമിഷം ശാന്തയായി. അവന്റെ അടുത്ത് കട്ടിലിൽ ചേർന്നിരുന്നു. അവൻ ഭയന്നു ഒരു ഭാഗത്തേക്ക് നീങ്ങിയിരുന്നു.

നീലിമ അപ്പൊ പണ്ടത്തെ നീലിമ ആവുകയായിരിന്നു. തികച്ചും മനോഹരമായ പുഞ്ചിരിയോടെ ശാന്തമായ മുഖത്തോട് കൂടിയ നീലിമ എത്ര സുന്ദരിയായിരുന്നു.

പെട്ടെന്ന് അവളുടെ ഭാവം മാറി, ഇരുന്നിടത്തു നിന്ന് കിതച്ചു കൊണ്ട് എഴുന്നേറ്റു വിവേകിനെ കട്ടിലിൽ മലർത്തി കിടത്തി. അവന്റെ ശരീരത്തിനു മുകളിൽ
കയറി നിന്നു.

നെഞ്ചിൻ കൂട് തകരുന്ന വേദനയിൽ അവൻ അലറി വിളിച്ചു. നീണ്ടു വന്ന അവളുടെ കൈകൾ അവന്റെ കവിളിൽ മാറി മാറി വീശിക്കൊണ്ടിരുന്നു.

അനങ്ങാൻ കഴിയാതെ
അവൻ പേടിയോടെ അവളെ നോക്കി കരഞ്ഞു.

അവന്റെ കരച്ചിൽ കേട്ട് നീലിമ ഉറക്കെയുറക്കെ ചിരിച്ചു. അവൾ ദേഹത്തു നിന്ന് മാറിയപ്പോൾ വിവേകിനു ആശ്വാസമായി.നീലിമ പഴയ കാര്യങ്ങൾ ഓരോന്നോരോന്നാ

യി അവനോട് എണ്ണിയെണ്ണി ചോദിക്കാൻ തുടങ്ങി.

അവന്റെ ഓർമകളും പതിയെ ആ കാലത്തിലേക്ക് പിന്തിരിഞ്ഞു.

ആർക്കും ഇഷ്ടം തോന്നുന്ന സൗന്ദര്യമുള്ള ഒരു സാധാരണ നാട്ടിൻ പുറത്തെ പെൺകുട്ടിയായിരുന്നു നീലിമ.

മുല്ലപ്പൂവിന്റെ മനോഹാരിത അവളിൽ നിറഞ്ഞു നിന്നു. നീണ്ടു വിടർന്ന മിഴികളിൽ മഷി എഴുതി, ഒരു കുഞ്ഞു പൊട്ട് തൊട്ട്,കറുത്ത് ഇടതൂർന്ന നീണ്ട മുടിയിൽ തുളസിക്കതിര് ചൂടി എന്നും രാവിലേ അമ്പലത്തിൽ പോകുന്ന അവളെ കണ്ടാൽ തന്നെ ഒരു ഐശ്വര്യമായിരുന്നു.

എന്നാൽ തന്നെ നോക്കുന്ന ഒരാളെയും നീലിമ ഒന്ന് നോക്കുക പോലും ചെയ്തില്ല.

അവളുടെ വീടും കോളേജും അമ്മയും അച്ഛനും, അതായിരുന്നു അവളുടെ ലോകം.

അങ്ങനെയിരിക്കെയാണ് നാട്ടിലെ പ്രമാണിയായിരുന്ന പ്രഭാകരൻ തമ്പിയുടെ മകനായ വിവേക് അവളോട് നേരിട്ട് പോയി ഇഷ്ടം പറയുന്നത്. ഒരിക്കലും നീലിമ സമ്മതം മൂളിയില്ല.

അവൾക്കറിയാമായിരുന്നു വിവേകിന്റെ കുടുംബം ഒരിക്കലും തന്നെയും കുടുംബത്തെയും അംഗീകരിക്കില്ല എന്ന്.

പാവപ്പെട്ട തന്നെ അവർ മരുമകളായി കാണില്ല എന്നും.

ടൈം പാസ്സ് ന് പ്രേമിച്ചു നടക്കാൻ അവൾക്ക് താല്പര്യവുമില്ലായുന്നു.

പഠിച്ചു നല്ലൊരു ജോലി വാങ്ങിയിട്ട് അമ്മയ്ക്കും അച്ഛനും തണലാവണം, അതായിരുന്നു അവളുടെ ലക്ഷ്യം.

എന്നാൽ പുറകെ നടന്നു നടന്നു വിവേക് നീലിമയുടെ സ്നേഹം പിടിച്ചു പറ്റി. അവന്റെ സ്നേഹത്തിൽ വിശ്വസിച്ചു പോയ നീലിമ അവന് വേണ്ടി അവളുടെ സർവ്വവും ത്യജിച്ചു. തന്റെ ശരീരം പോലും അവന്റെ മുന്നിൽ അടിയറവ് വെച്ചു. എല്ലാം അവന് വേണ്ടി സമർപ്പിക്കുമ്പോഴും അവനോടുള്ള അടങ്ങാത്ത സ്നേഹവും വിശ്വാസവും ആയിരുന്നു അവൾക്ക്.

മാസങ്ങൾ കടന്നു പോയി. മുറിയാതെ എത്തിയിരുന്ന ചുവന്ന തുള്ളികൾ വൈകിയതോടെ അവളിൽ പരിഭ്രാന്തി നിറഞ്ഞു. വിവേകിനെ വിവരമറിയിച്ചു.

പ്രെഗ്നനൻസി ടെസ്റ്റ് ചെയ്തപ്പോൾ രണ്ടു വര തെളിഞ്ഞതോടെ

അവർ എന്ത് ചെയ്യണം എന്ന ചിന്തയിലായി.

നീലിമയെ താലി കെട്ടി കൂടെ കൂട്ടാൻ അവൾ ആകുന്നതും പറഞ്ഞു നോക്കി.

എന്നാൽ വിവേക് ജോലി ആവാത്തതും മറ്റും പറഞ്ഞു കല്യാണത്തിൽ നിന്നൊഴിഞ്ഞു മാറി.

ഉദരത്തിൽ വളരുന്ന ചോരത്തുടിപ്പിനെ ഇല്ലാതാക്കാൻ അവൻ ആവുന്നതും പറഞ്ഞു നോക്കി. എന്നാൽ നീലിമ അതിനെ എതിർത്തു. വിവേകിന്റെ സഹായമില്ലാതെ തന്റെ കുഞ്ഞിനെ വളർത്തുമെന്ന വാശിയിൽ അവിടം വീട്ടിറങ്ങി.

മാസങ്ങൾ കടന്നു പോയി. നീലിമ എട്ടു മാസം ഗർഭിണിയായി.

അന്ന് പതിവുപോലെ അമ്പലത്തിൽ പോയപ്പോൾ ആണ് അവിടെ ഒരു കല്യാണം നടക്കുന്നത് കണ്ടത്. അടുത്ത് പോയപ്പോൾ വരന്റെ മുഖം കണ്ട് നീലിമ ഞെട്ടി. അത് തന്റെ വിവേക് ആയിരുന്നു.

പിന്നീട് ഒരു ദിവസം അവനെ തനിച്ചു കണ്ടപ്പോൾ നീലിമ അവനോട് പൊട്ടിത്തെറിച്ചു. താൻ പ്രസവിച്ചു കുഞ്ഞിമായി വീട്ടിൽ വരുമെന്നും നിന്നെ സന്തോഷത്തോടെ ജീവിക്കാൻ സമ്മതിക്കില്ലെന്നും അവൾ പറഞ്ഞു.

പിഴച്ചവൾ എന്ന് നാട്ടുകാർ പരിഹസിക്കുമ്പോഴും ഇന്ന് വരേ നിന്റെ പേര് പറയാതെ നിന്നു ഞാൻ, അത് എന്നെങ്കിലും നീ എന്നെ സ്വീകരിക്കും എന്ന പ്രതീക്ഷയിൽ ആയിരുന്നു. എന്നാൽ ഇപ്പൊ ആ പ്രതീക്ഷ അവസാനിച്ചു. ഇനി എന്റെ കുഞ്ഞിനൊ

രു അച്ഛൻ വേണം. അവൾ  പരിസരം മറന്നു അലറി.

ദേഷ്യം വന്ന വിവേക് അവളെ ആഞ്ഞു തള്ളി, അവൾ ഒരു കല്ലിൽ വയറടിച്ചു വീണു. രക്തം വാർന്നൊഴുകിയ  അവളെ ഒന്ന് തിരിഞ്ഞു പോലും നോക്കാതെ വിവേക് നടന്നകന്നു.



നീലിമ അവിടെ കിടന്നു രക്തം വാർന്നു മരണപ്പെടുകയും ചെയ്തു.  അവനോടുള്ള അടങ്ങാത്ത പക മൂലം അവളുടെ ആത്മാവിനു  ശാന്തി ലഭിക്കാതെ അലയേണ്ടി വന്നു.

കൊല്ലങ്ങളായി വിവേകിന്റെ സമാധാനം ഇല്ലാതാക്കാൻ അവൾ എല്ലാ വിദ്യയും പ്രയോഗിച്ചു.

ഭാര്യയും മക്കളും അവനെ ഉപേക്ഷിച്ചു. ഒറ്റപ്പെടൽ നല്ലോണം അറിഞ്ഞ അവൻ നീലിമ യെ ഓർത്തു സങ്കടപ്പെടാൻ തുടങ്ങി.

ശരിക്കും വിഷാദത്തിന്റെ ലോകത്ത് എത്തപ്പെട്ടിരുന്നു എന്ന് തന്നെ പറയാം.

അവൻ നോക്കുന്നിടത്തൊക്കെ നീലിമയുടെ മുഖം, കേൾക്കുന്നതൊക്കെ അവളുടെ കരച്ചിൽ

അവൻ എന്തോ ഒരു അവസ്ഥയിൽ ആയിരുന്നു.

......................

ഇന്ന് നീലിമ മരിച്ചിട്ട് പത്താമത്തെ കൊല്ലമാണ്. അമാവാസി ദിനവും,

വിവേകിനോട് പ്രതികാരം ചെയ്യാൻ അവൾ കാത്തിരുന്ന ദിവസം. ഇന്ന് എല്ലാം അവസാനിപ്പിച്ചിട്ട് വേണം സ്വസ്ഥമായി അവരുടെ ലോകത്തേക്ക് മടങ്ങാൻ, അലഞ്ഞു നടക്കുന്ന ആത്മാവിനു ശാന്തി കിട്ടണമെങ്കിൽ വിവേക് ഇല്ലാതെ ആവണം.

താനും, ഭൂമിയിൽ പിറക്കാൻ ഭാഗ്യം ഇല്ലാതെ പോയ തന്റെ മോളും ഇനിയെങ്കിലും സന്തോഷിക്കണം.

അവൾ വിവേകിന്റെ അടുത്തേക്ക് നീങ്ങിയിരുന്നു. അവനെ ഇറുകെ പുണർന്നു. അസ്ഥികൾ നുറുങ്ങുന്ന വേദന, അവൻ കുതറാൻ നോക്കി. അവളുടെ കണ്ണിൽ നിന്നൊഴുകിയ അഗ്നി അപ്പോഴേക്കും അവനെ വെറും പുകച്ചുരുളുകൾ ആക്കി മേലോട്ട് ഉയർത്തിയിരുന്നു.

എന്നിട്ടും ഒടുങ്ങാത്ത പകയുമായി അവൾ

പിന്തിരിഞ്ഞു നടന്നു, കണ്ണിൽ ജ്വലിക്കുന്ന ക്രോധവുമായി.....

●





ജോർജ് വിൽസൻ

# 'ദുരന്തങ്ങൾ അവസാനിക്കുന്നില്ല....'

ആരാ, മനസ്സിലായില്യാ?

ഞ്യാൻ–

അഞ്ചെട്ടുവയസ്സുള്ള പെൺകുട്ടി മുറ്റത്തു നിന്ന് വിതുമ്പുകയാണ്. നിറഞ്ഞൊഴുകുന്ന കണ്ണിലെ നീർ കീറിയ പാവാടപിടിച്ച് ഒപ്പിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ....

ഓഫീസിൽപ്പോകാൻ ഒരുങ്ങുന്നതിനിടയിലായിരുന്നു സന്ദർശകമണിമുഴക്കി അവളെന്റെ ശ്രദ്ധക്ഷണിച്ചത്. എന്തിനായിരിക്കും ആ കുട്ടിയിങ്ങനെ സങ്കടപ്പെടുന്നത്?

മോള്, അവട്രിക്ക് – ഞ്യാനെന്തെങ്കിലും കഴിക്യാന്തരാം.

അവൾ നിഷേധാർത്ഥത്തിൽ തലയാട്ടി.

ഏതോ ഒരുപെൺകുട്ടി മുറ്റത്തുനിൽപുണ്ട്, ആകുട്ടിക്കെന്തെങ്കിലും കൊടുത്തുവിട്.

ഞാൻ തിരിച്ചകത്തുപോയി രമണിയോടു പറഞ്ഞു.

രമണിയും സ്കൂളിൽ പോകേണ്ടതിരക്കിലായിരുന്നു.

ഞാൻ പോയിനോക്കാം. ചേട്ടൻ ബേങ്കിപ്പോവ്വാൻനോക്ക് . .. നേരംവൈകീരിക്കുണു.

സ്തോത്രഗാനങ്ങൾ ....

മൊബൈൽ ഒച്ചവെച്ചു.

ന്താ സാറേ?

ബാങ്കുമാനേജരായിരുന്നു.

രമണാ, താനിന്ന് ബാങ്കീവരണ്ടാ.

മഴപെയ്തുപെയ്തത് ടൗണിലേക്ക്ള്ള റോടൊക്കെ പോലീസുകാർ അടച്ചിട്ടുടോ. ഇനി എങ്ങി നേങ്കിലും ഇങ്ങ് ട്ടെത്ത്യാലും തിരിച്ചുപോകാൻകഴില്യാ.

സാറെ, ഇവിടെ മഴയൊന്നൂല്യാ, ട്ടൊ.

ന്നാ വന്നോളൂ. താൻ റ്റീവ്യൊന്നും കാണാറില്ലേ. ടൗണ് മുഴ്വോനുംവെള്ളക്കെട്ടിലാ, പാററന്നൂർ പാടം കടലാത്രേ.

പെട്ടെന്ന് ലൈൻ കട്ടായി.

ഞാനങ്ങു തളർന്നുപോയി. വർഷാവസാനകണക്കുകൾ ഈമാസമെങ്കിലും പൂർത്തി



യാക്കി ഹെഡ് ഡാഫീസിലേക്ക് അയച്ചു കൊടുക്കാൻ പറഞ്ഞിരുന്നതാ, ഇനിയതും നടക്കുമെന്നുതോന്നുന്നില്ല. റ്റീവിതുറന്നു. അതേ, സാറുപറഞ്ഞത് നേരായിരുന്നു. എല്ലായിടത്തും തടസ്സങ്ങൾതന്നെ.

സാറിനെ വീണ്ടും ശ്രമിച്ചുനോക്കി, കിട്ടിയില്ല. ഇനിയെന്തുചെയ്യും?

അല്ലാ, ചേട്ടൻ ബേങ്കിപ്പോവാതെ റ്റീവി കണ്ടോണ്ടിരിക്യാ?

അടുക്കളയിൽനിന്നും ദോശമറിച്ചിടുന്ന ചട്ടകവുമായികടുന്നുവന്ന് രമണിയെന്നെ ഭയപ്പെടുത്തി.

അതല്ലാ, രമണീ ...

ഞാൻ മയത്തിൽപറഞ്ഞു.

റോടിലൊക്കെ വെള്ളക്കെട്ടാത്രേ. ബേങ്കു മേനേജർ വരണ്ടാാന്നുവിളിച്ചു പറഞ്ഞു.

ഇഞ്ഞ്യെന്താചിയ്യാ?

സ്ക്കൂളിനും അവദ്യാത്രേ, നിയ്യെങ്ങും പോവണ്ടാ. ഞ്യാനൊന്നുപൊറത്തെറങ്ങിട്ടു വരാം.

ആ കുട്ടിയപ്പോഴും ഉമ്മറത്തിരുന്ന് വിങ്ങുകയായിരുന്നു. അതിനിടയിൽ തലയിലെ പേൻ അലസമായി വലിച്ചെടുക്കുന്നുമുണ്ട്, മൂക്കൊലിപ്പ് ശ്രദ്ധിച്ചതെയില്ല.

മഴ കാര്യമായിട്ടില്ല, പക്ഷെ ആകാശത്ത് മഴക്കാറ് ഉരുണ്ടുകൂടുന്നുണ്ട്. കുറേദൂരം വെറുതെ തെക്കുവടക്കു നടന്നു. നാലാളുകൂടിയ ഒരുചായക്കടയിൽക്കയറി, കടുപ്പത്തിലൊരു ചായപറഞ്ഞ് കാത്തിരുന്നു. കടയിലുള്ളവരൊക്കെ അതുതന്നെയാണ് സംസാരിക്കുന്നത്. മഴ വെള്ളക്കെട്ട് പ്രളയം അങ്ങിനെയങ്ങിനെ ഭയപ്പെടുത്തുന്ന വർത്തമാനങ്ങൾ. ഒരാൾപറഞ്ഞത് തീർത്തും പേടിപ്പിക്കുന്നതായിരുന്നു, ഇങ്ങ് നെപ്പോയാാ, മുല്ലപ്പെരിയാറ് പൊട്ടീദ് ന്നേ...

വീട്ടിൽ തിരിച്ചെത്തിയപ്പോൾ ആദ്യം ശ്രദ്ധിച്ചത് ഉമ്മറത്തിരുന്ന് പേനെടുത്തിരുന്ന ആ പെൺകുട്ടിയെയായിരുന്നു, അവളവിടെയില്ല. എനിക്ക് സമാധാനമായി, രമണികൊടുത്ത ഭക്ഷണം കഴിച്ച് പാവം പോയിട്ടുണ്ടാവാം.

രമണി, മഴയിങ്ങെത്തുംട്ട്വോ. ടെറസ്സില് തുണിവല്ലതും ഉണക്കാനിട്ട്ണ്ടങ്കി വേഗെട്ത്തോ.

തിരിഞ്ഞുനോക്കിയത് അവളുടെ മുഖത്തെക്കായിരുന്നു, ഒറ്റയ്ക്കിരുന്ന് റ്റീവികാണുകയായിരുന്നു. മുക്കൊലിപ്പ് നിലച്ചിരിക്കുന്നു, ആറ്റിലെറങ്ങിക്കയറിയ ലക്ഷണമുണ്ട്.

രമണി, നിയ്യീകുട്ടിയെ പറഞ്ഞുവിട്ടില്ലേ്യ.....

ഓ ചേട്ടനെത്ത്യോ, ഞ്യാനതിനെ കുളിപ്പിച്ച് കൊറച്ചീഡ്ളിയും ചമ്മന്തിയും കൊടുത്തു. നന്നായി കഴിച്ചു. ചായവേണ്ടാന്നു പറഞ്ഞു–

നിയ്യിതെന്തു കരുതീട്ടാ, ന്റെരമണി?

സത്യംപറയ്യാലോ രമണേട്ടാാ, ആമിണ്ടാപ്രാണിയെ പറഞ്ഞുവിടാൻ ന്വിക്കുതോന്ന്യീലാ. നമ്മളൊരുകുഞ്ഞിനുവേണ്ടീട്ടല്ലേ ദൈവസോം പ്രാർത്ഥിച്ചുകെടക്കണത്, ഒരുകുട്ടി നമ്മ് ടെസ്വപ്നല്ലെ?

രമണി പറഞ്ഞത് സത്യമായിരുന്നു. പത്തുവർഷത്തെ വ്യർത്ഥമായ ദാമ്പത്യം, എന്നത്തേയും പ്രാർത്ഥന ഒരുകുഞ്ഞിനുവേണ്ടിത്തന്നെയായിരുന്നു. പക്ഷെ ഇവളെങ്ങിനെ മിണ്ടാത്ത കുട്ടിയായി? ഞാൻ ചോദിച്ചപ്പോൾ എന്തോ പറഞ്ഞിരുന്നല്ലോ ഇനിയെന്റെ കേൾവിയുടെ പ്രശ്നമായിരിക്കുമോ?

മിണ്ടാത്ത കുട്ടിയാന്ന് നെണക്കൊറപ്പാ? എന്നോടെന്തോ അവളുപറഞ്ഞല്ലോ...

രമണേട്ടൻ വെർതെതോന്നീദാവും.

വിശ്വസിക്കുവാൻ കഴിയുന്നില്ല. രമണി പറഞ്ഞതുകൊണ്ടുമാത്രം വിശ്വസിക്കാതിരിക്കാനും വയ്യ.

പക്ഷെ. രമണി, നെണക്കറ്യോ, മാതാപിതാക്കളുടെ അനുവാദല്യാണ്ട് ആർക്കും ഒരുകുട്ടിയെ കൂടെപാർപ്പിക്കാൻപാടില്യാ. നെയമവിരുധാ. പോലിസിന് എപ്പോവേണേലും നമ്മളെപിടിക്കാം.

ഞ്യാനതൊന്നും അത്രങ്ങ്ട്ട് ആലോചിച്ചില്യാ, രമണേട്ടാാ. ന്തായാലും ഈസുന്ദരിക്കുട്ടീനേ ഞാനാർക്കും വിട്ടുകൊടുക്കുല്യാ.

അതിന്റെ ഭവിഷ്യത്താ പറഞ്ഞദ്. മാതാപിതാക്കൾ സമ്മതിച്ചാത്തന്നെ നെയമപ്രകാര് ള്ള അനുമതിപത്രം ലഭിച്ചശേഷംമാത്രമെ കുട്ടിയെ കുടെതാമസിപ്പിക്കുവാൻ അനുവാദ്ള്ളൂ.

മിണ്ടാത്ത കുട്ട്യോട് ഞ്യാനെന്തുചോയിക്കാനാ . എന്തുചോയിച്ചാലും അവളുചിരിക്കും, അപ്പോ ഞാനവളെ പുഞ്ചിരീന്ന് വിളിച്ചു.

അപ്പോ മൂക്കൊലിപ്പിച്ച് കരഞ്ഞോണ്ടിരുന്ന ആക്കുട്ടിയ് പ്പോ പുഞ്ചിരിയായി . –

അതുപിന്നേ – –

നിയ്യെന്തോക്യാ പറേണെൻെറ, രമണ്യേ. നീയ്യൊരുടീച്ചറല്ലേ ഇതൊക്കെ ലേശേങ്കിലും അറിഞ്ഞിരിക്കണ്ടേ...

അത്ര്ന്നും ഞ്യാനങ്ങ്ട്ട് ആലോചിച്ചില്യാ, തൽക്കാലം അവളെവിളിക്കാനൊരുപേർ. അതന്നേ. പിന്നെ, കുട്ടിക്ക്യാപേര് പെരുത്തിഷ്ട്ടായി പുഞ്ചരിമോളേന്ന് വിളിച്ചാലൊടനെ അവളോടിവരും.

അവളേതുനാട്ടുകാരിയാണ്, അഛ്ചനുമമ്മേംണ്ടോ, വേറെയാരൊക്കെണ്ട് ഇതെങ്കിലും നമ്മള റിഞ്ഞിരിക്കണ്ടെ. ഗൗരവമായി ചിന്തിക്കേണ്ടവിഷയാ.

അതുശര്യാ. ന്നാലും ഇക്കുട്ടി എങ്ങിനെയൊറ്റക്ക് നമ്മ്ടെ വീട്ടിലെത്തി. ഇനിയാരെങ്കിലും ഇവിടെകൊണ്ടുവന്ന് വിട്ടതായിരിക്കോ? തമിഴന്മാർ കുട്ട്യോളെ കൊണ്ടരേംകൊണ്ടോകേം ഒക്കേചിയ്യണകാലാാ.

ഒന്നും പറയാനാവൂല്യാ, രമണ്യേ. നമുക്കുനോക്കാം. ന്തായാലും ആകുട്ടീനെ തൽക്കാലം പൊറത്തെറക്കണ്ടാ ട്ട്വാ, പ്രശ്നാാ...
–

അന്നു മുഴുവൻ ഞ്യാനും രമണീയും ഇരുന്നും കിടന്നും ആലോചിച്ചു, പക്ഷെ പോംവഴിയൊന്നും കണ്ടെത്താനായില്ല.

പിറ്റേന്ന് പതിവുപോലെ ഞാൻ ബാങ്കിലേക്കുപോന്നു. രമണി സ്ക്കൂളിലേക്കുപോയില്ല. അവൾ പുഞ്ചിരിക്ക് കുട്ടിരുന്നു.

താനെന്തു പണ്യാടോ, രമണാകാണിച്ചേ? ആ കുട്ടീനെ വേഗം പറഞ്ഞുവിട്ടോ, പോലീസറിഞ്ഞാ പുലിവാലാ.....

മാനേജരോട് വിഷയം രഹസ്യമായി സൂചിപ്പിച്ചതിന്റെ പ്രതികരണം അങ്ങിനെയായിരുന്നു.

ഇനിയാരെ സമീപിക്കും, എന്തുചെയ്യും, തലനിറച്ച് എണ്ണയൊഴിച്ചമാതിരിയാണ് ആലോചനകൾ. പക്ഷെ എവിടേയും എത്തുന്നില്ല, താളിയില്ലാതെ കുളിക്കാനെറങ്ങിയപോലെ. തലയിൽനിന്നും പേൻ വലിച്ചെടു

ത്തിരുന്ന ഏതോ കുട്ടിയല്ല ഇന്നവള്, ഞങ്ങളുടെ സ്വപ്നങ്ങളുടെ സാഫല്യമാണ്. അതുകൊണ്ടുതന്നെ പറഞ്ഞുവിടാൻ മനസ്സിലൊരുവല്ലായ്ക.

താൻ ബേജാറണ്ടാടൊ, രമണാ. നിങ്ങടെ കൗൺസിലറെയൊന്ന് കണ്ടുനോക്ക്. ചെലപ്പോ ന്തെങ്കിലും നടക്കും. ഒന്നൂല്യങ്കിലും, എംഎല്ലയെ കാണാമ്പറയും ശ്രമിച്ചുനോക്കണേല് തെറ്റില്യാ.

സെരി, സാർ.

ഉച്ചക്ക് ലഞ്ചിൻെറനേരത്ത് മാനേജർ എൻറടുത്തുവന്ന് ആശ്വസിപ്പിച്ചു.

ഞാൻ വീട്ടിൽ തിരിച്ചെത്തിയയുടനെ വിവരം രമണിയെധരിപ്പിച്ചു. അവളും പുഞ്ചിരിയും ചേർന്ന് വൈകുന്നേരത്തെ ചായേം പലാരോം തയ്യാറാക്കുകയായിരുന്നു.

രമണേട്ടന് പിരാന്താ, അല്ലെങ്കി ആ മാനേജരൊരുപൊട്ടനാ..... ഇതൊക്ക അവരോട് ചർച്ചിച്ചാ നമ്മ്ളാപ്പിലാകും. ഈ കൗൺസലറും എംഎൽഏയുമൊക്കെ ആരാ?

ആരാ, രമണീ?

നാട്ടാരെ പറ്റിച്ച് നക്കാപ്പിച്ചപിട്ങ്ങണവഹ, ഇവനൊക്കെ വേറെന്തുചിയ്യാൻ. രമണേട്ടൻപോയി ഒരു നല്ലവക്കീലിനെക്കാണ്. സംഭവംപറയണ്ടാ, ഒരുകുട്ടീനെ ദത്തെടുക്കാനാന്ന് പറഞ്ഞാമതി..

രമണീ ടീച്ചറേ, ടീച്ചറൊരുസംഭവാട്ടാ..

സ്നേഹം കൂടുമ്പോൾമാത്രം രമണിയെ ഞ്യാനങ്ങിനെയാണ് വിളിക്കാറ്.

സംഗതി ശരിയാണെന്ന് എനിക്കുംതോന്നി. ഞങ്ങൾ വീണ്ടുമാലോചിച്ചു, പലവട്ടം. അവസാനം വക്കീലിനെ കാണാൻത്തന്നെ നിശ്ചയിച്ചു. ശ്രീരാമൻവക്കീല് ഞങ്ങളുടെ ഒരകന്നബന്ധുവാണ്, ഇത്തിരിദൂരെയാണെങ്കിലും ഇത്തരം കേസ്സുകളിൽ അദ്ദേഹമൊരുപുലിയാണ്. രണ്ടാംശനിയാഴ്ച്ചക്ക് യാത്ര ഉറപ്പിച്ചു..

അല്ലാ, രമണനിദെങ്ങോട്ടാ കാലത്തന്നേ...

ഒരാൾ മുറ്റത്തേക്ക് കടന്നുവന്ന് സ്നേഹപൂർവ്വം തിരക്കി.

ആളെ കണ്ടതായിതോന്നി, പക്ഷെ എവിടെ എങ്ങിനെ എന്നൊന്നും ഓർമ്മിക്കാൻ കഴിയുന്നില്ല.

ഞ്യാനൊന്ന് പൊറത്തേക്ക് .......... എനിക്കങ്ങ്ട്ട് മനസ്സിലായില്യാ

ന്റെ രമണാ, നമ്മളൊരുമിച്ച് സൗത്തിന്ത്യനിൽ ജോലിചെയ്തേർന്നതല്ലെ... ഇത്രവേഗം മറന്നോ?

ഓർമ്മവന്നു. അഞ്ചുപത്തുവർഷങ്ങൾക്കുമുമ്പാണ് ബാങ്കിങ്ങ് ജോലി ആരംഭിച്ചത് അവിടെ വെച്ചുള്ള പരിചയമായിരിക്കാം. പക്ഷെ ഇദ്ദേഹത്തെ ഓർക്കണില്യാ.

ഡോ രമണാ, ഞാനന്ന് പാലക്കാട് ടൗൺ പ്രാഞ്ചിന്ന് ലീവെട്ത്ത് ഗൾഫീപ്പോയി. തിരിച്ചു വന്നേപ്പം ബേങ്കെനിക്ക് പണിതിരിച്ചുതന്നില്യാ. ഞ്യാൻപിന്നെ ബിഎഡിനുപോയി, മാഷായി.

ഇപ്പം?

ഇപ്പഴും തനിക്കെന്നെ ഓർമ്മവരണ്ല്യാ. നമ്മുടെ കൂടെ ജോലിചെയ്തേർന്ന ശ്രീദേവീനാ ഞാൻ വേളികഴിച്ചത്. താനാ അന്നതിന് മുൻകയ്യെടുത്തദ്...

അയാൾ അതുപറയുകയും ഉച്ചത്തിൽ പൊട്ടിക്കരയുകയും ഒരുമിച്ചായിരുന്നു.

ഞാനങ്ങുവല്ലാതായി, ഇങ്ങിനെചോദിക്കേണ്ടിയിരുന്നില്ല എന്നുവരെ തോന്നിപ്പോയി. ശരിയാണ് ശ്രീദേവിയെ എനിക്ക് മറക്കാനാവില്ല. ഇയാള് കെട്ടിയില്ലെങ്കിൽ ഞാനവളെ കെട്ടിയേനെ, അവളത്രക്ക് സുന്ദരിതന്നെയായിരുന്നു. പക്ഷെ ഇയ്യാളെയാണ് അവളിഷ്ടപ്പെട്ടത്.

ഇനിക്കിപ്പോ ഓർമ്മവരണ്ണ്ട്. പക്ഷെ എന്തിനാകരേണേ? വാ നമുക്ക് അകത്തേക്കിരിക്കാം. ഞാൻ അയാളേയും കുട്ടി അകത്തേക്കുപോയി.

രമണ്യേ, രണ്ടുചായ.

അടുക്കളഭാഗത്തേക്കുനോക്കി വിളിച്ചു പറഞ്ഞു.

രമണാ, തന്റെ സുന്ദര്യായശ്രീദേവീം ഞങ്ങടെമൂന്നുമക്കളും ല്ലാരും മണ്ണിലൊലിച്ചുപോയി. ഞാൻ വെള്ളാർമല സ്ക്കൂളിലെമാഷാ...

അയാൾ ഗദ്ഗദകണ്ഠനായി വിക്കിവിക്കിപറഞ്ഞു.

ഞാൻ ഞെട്ടിപ്പോയി. ഒറ്റരാത്രികൊണ്ട് പത്തഞ്ഞൂറുപേര് മണ്ണീപുതഞ്ഞുപോയ ചുരൽമലയിലെ മഹാദുരന്തം. ലോകംതന്നെ ഭയന്നുവിറച്ചുപോയരാത്രി, എത്രയെത്രമനുഷ്യരാണ് വീടുകളാണ് മലവെള്ളമെടുത്തുകൊണ്ടുപോയത്, എല്ലാം നാമാവിശേഷമായി. എത്രയൊമൈലുകൾക്കകലെ ചാലിയാറിൽനിന്നാണ് മൃതദേഹങ്ങളും ശരീരഭാഗങ്ങളും കണ്ടെടുത്തത്. ഒരറ്റരാത്രികൊണ്ട് മനോഹരമായ താഴ്വാരഭൂമികയാണ് നിശ്ശേഷമില്ലാതായത്.

ഈ മനുഷ്യന്റെ പേര് എന്നിട്ടുംപക്ഷെ

എനിക്കോർമ്മവന്നില്ല.

ഞാനവളേം കുട്ട്യോളേം രക്ഷിക്കാൻനോക്കി, പിടിച്ചുനിൽക്കാനായില്യാ. ആദ്യത്തെ വെള്ള പ്ലാച്ചില് ഞങ്ങടെവീടിളകിത്തുടങ്ങി. അതിനെടേല് ഉരുളുപൊട്ടി ഉരുണ്ടുവന്ന കൂറ്റൻപാറകള് തൂണേൽ തൂങ്ങിനിന്ന ഞങ്ങളെവേർപ്പെട്ത്തി. ല്ലാരുംകൂടി രക്ഷപ്പെടില്ലെന്ന് അവൾക്കും തോന്നിക്കാണും. ഞ്യാൻ ചെന്നുവീണദ് ചളിക്കുണ്ടിലായിരുന്നു, കഴുത്തിനൊപ്പം ചളി. രാത്രിമുഴോനും ചളീപൂണ്ടുകെടന്നു. അങ്ങനങ്ങ്ട്ട് ചത്താമത്യായ് രുന്നു അവളുംകുട്ട്യോളുല്ലാണ്ട്....

അയാൾ വീണ്ടും ഏങ്ങിയേങ്ങിക്കരഞ്ഞു.

എന്തുപറയും, എങ്ങിനെ ആശ്വസിപ്പിക്കും, എനിക്കറിയില്ലായിരുന്നു.

ഈശ്വരനിശ്ചയം ല്ലാതെന്താപ്പോ പറയ്യാാാ.... ഇതൊന്നും നമുക്കാർക്കും തടുക്കാനാവില്ലല്ലൊ. അവർടെ ബോഡി ... ?

എവടെ –ന്റെരുസമാതാനത്തിന് സർവ്വമതസംസ്ക്കാരത്തീകൂടി ഞ്യാനവർക്കുവേണ്ടി പ്രാർത്ഥിച്ചു. ല്ലാതെ ഞ്യാനെന്താചിയ്യാ, രമണാാാ....

തേങ്ങുന്നതിനിടയിൽ അയാൾപറഞ്ഞു. കഷണ്ടിത്തലയും, വളർന്നവെളുത്തതാടിയുമാകാം അയാളെ മനസ്സിലാക്കുന്നതിൽ തടസ്സമായത്. കണ്ടമാനം ക്ഷീണിച്ചിട്ടുമുണ്ട്.

ഈറനായ കണ്ണുകളൊപ്പുവാൻ അയാൾ മിനക്കെട്ടതെയില്ല.

ആരാ?

ചായയും പലഹാരവുമായി കടന്നുവന്ന രമണി ആംഗ്യത്തിൽ തിരക്കി.

പണ്ട് ന്റെകൂടെ സൗത്തിന്ത്യൻബേങ്കില് ജോലിചെയ്യ്തേർന്നതാ. മൂപ്പരിപ്പോ മാഷായിട്ട് വെള്ളാർമലസ്ക്കൂളിലാ. ഉരുളുപൊട്ടേല് കുടുംബങ്ങട്ട് ഒലിച്ചുപോയി. ബോഡിപോലും കിട്ടി ല്യാന്നാ പറേണെ..

അയ്യോ–

രമണീടെ അയ്യോ അൽപം കടുപ്പത്തിലായി, മാഷ് തിരിഞ്ഞുനോക്കി പുഞ്ചിരിയെക്കണ്ടതും ചാടിയെഴുന്നേറ്റു.

ഇക്കുട്ടിയെങ്ങിനാ ഇവിടെത്തീദ്?

കുട്ടിയുടെമേലിന്ന് കണ്ണെടുക്കാതെ മാഷ് ചോദിച്ചു.

അതേയ് രമണാ, ഈ കുട്ടി ൻറക്ളാസ്സിലേ ... മഴവെള്ളപ്പാച്ചിലില് ഒലിച്ചുപോയിന്നാ ല്ലാരും കരുത്യേക്കണേ .... ഇവക്കും കാണാതായ ഒരുപറ്റം കുട്ടോൾക്കുംവേണ്ടി നാട്ടുകാരും പട്ടാളോം ഒക്കെതെരച്ചില് നടത്തി. എന്തുകാര്യം...

മാഷുടെ വാക്കുകളിൽ നിഷ്ഫലമായിപ്പോയ കുറേ മനുഷ്യജീവനുകളുടെ തിരുശേഷിപ്പുകൾ തിണർത്തു കിടന്നു.

നിങ്ങക്കെങ്ങിന്യാ ഇതിനെകിട്ട്യേ?

മാഷ് കരച്ചിൽ തൽക്കാലം നിർത്തി.

സോറി, മാഷടെ പേർ ഇപ്പഴും ഇനിക്കങ്ങ്ട്ട് ഓർമ്മവരണില്യാ...

ഞാൻ രവീന്ദ്രനാടൊ. മാങ്ങോട്ടെ രവീന്ദ്രൻ. ഇവളെങ്ങിനെ ഇവ്ടെത്തി, അതുപറ.

അയിനോടെന്നെ മാഷ് ചോയിക്യാ.

രമണി പറഞ്ഞു.

മോളേ, പ്രിയവദേ നിയെങ്ങന്യാ ഇവിടെ?

കുട്ടിയും മാഷേ നിരീക്ഷിക്കയായിരുന്നു.

അത് മാഷേ, ആരൊക്കെ ഇന്നെട്ത്തോണ്ടോടി. പിന്നെ നടന്നുനടന്ന് ഞാനീടെത്തി.

ഞാനും രമണിയും വാപൊളിച്ചുനിന്നു. മാസങ്ങളോളമായി ഞങ്ങൾക്കിടയിൽ പുഞ്ചിരിയുണ്ട്. പക്ഷെ ക മ എന്നൊരക്ഷരം അവള് മിണ്ടിയിട്ടില്ല. അത്ഭുതമായിരിക്കുന്നു. രവീന്ദ്രൻമാഷ് ചോദിച്ചതും അവള് സംസാരിച്ചുതുടങ്ങി. ഇതെൻ മറിമായം ...??

വേദനയ്ക്ക് ഒഴിമുറിയിട്ട് ഏറേ സന്തോഷവാനായപോലെ, പ്രസരിപ്പിന്റെ ഒരുചെറുകണിക മാഷുടെമുഖത്ത് തെളിഞ്ഞുവന്നു.

രവീന്ദ്രൻമാഷോടായോണ്ടുപറയ്യാ, ഈ കുട്ടി നാളുകളായി ഞങ്ങടെകൂടേണ്ട്, ന്നിട്ടാരക്ഷരം വാതുറന്ന് അതുമിണ്ടീട്ടില്യാ, സ്വന്തം പേരുപോലും......

കുട്ടി ചിരിച്ചുകൊണ്ട് മാഷെടെ അടുത്തേക്കോടിവന്ന് മാഷേ കെട്ടിപ്പിടിച്ച് വരിഞ്ഞുമുറുക്കി സ്നേഹാദ്രമായി ശ്വാസംമുട്ടിച്ചു.

ഞങ്ങൾ സ്നേഹപൂർണ്ണമായ ആ സംഗമത്തിന് കേവലദൃക്സാക്ഷികളായി. അതു ചെലപ്പോ കുടുംബത്തിൻറെദുരന്തം മുമ്പീകണ്ടേന്റെ ഷോക്കാകാനുമതി ക്യാമ്പീ കഴ്യേണകൊറെപേര് ഇപ്പഴും ഇങ്ങ് നൊക്കേത്തന്ന്യാാാ. അവ്ടെവെള്ളാർമലേല് അദ്ധ്യാപകൻ വിദ്യാർത്ഥി അങ്ങനൊന്നുല്ലാ, ല്ലാരും ഒരുകുടുമംപോലാ കഴിഞ്ഞേർന്നദെ ....

കുട്ടിയുടെ സ്നേഹവലയത്തിൽനിന്നും മോചിതനായി മാഷ് പറഞ്ഞു.

രമണനും രമണിയും അതുകേട്ട് അത്ഭുതദ്വീപിൽ അകപ്പെട്ട ഗിന്നസ് പക്രുവിനെപ്പോലെ വാപൊളിച്ചിരുന്നുപോയി.




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# കുട്ടിവരകൾ








**Joshwin N.J.**
1 C
St. Marys CBPS School kottekkadu



**Fathima Naifa c**
3 A
A M L P school ugrapuram



**Devanadh.M.S**
10.C.
CMGHS Kuttur, Thrissur



**Zayan Muhammed**
I ps 1
Albirr madakkara

## വികൃതി പൂച്ച

ഒരിക്കൽ ഒരാൾ വീട്ടിലെ പാത്രങ്ങളൊക്കെ ഒതുക്കി വച്ചു. പോകാൻ നേരം ജനാല അടക്കാൻ മറന്നു. അപ്പോൾ അതിലെ വന്ന കണ്ടൻ പൂച്ച ജനാലയിലൂടെ ചാടി , കാല് തട്ടി പാത്രങ്ങളൊക്കെ തട്ടി മറിഞ്ഞ് നിലത്ത് വീണ് പൊട്ടി. കണ്ടൻ വേഗം ശ് ശ് മിണ്ടല്ലേ ന്ന് കാട്ടി.. എന്നാൽ ശബ്ദം കേട്ട് അയാൾ വന്നു. കണ്ടനെ നല്ല അടി കൊടുത്ത് ഓടിച്ചു വിട്ടു

**ദ്വിവിക് വർമ്മ സി.കെ**
1A
ANMMUPS തളി




**Fahmidha Sulthana**
5 G1
Eminence Private School, Fujairah
UAE

**കവിത**

## പുതിയ പുലരിക്കായ് ......!

വന്നെത്തി ഏറെ കിനാ കാഴ്ചകൾ
ഉറങ്ങിക്കിടന്നവർ ആനന്ദത്തിൽ
പുണർന്നതോ പുലരാത്ത പ്രഭാതവും
നടവഴികൾ പുഴകളായിരിക്കുന്നു മനുജൻ
ജഡങ്ങളായിരിക്കുന്നു
കളിതോഴികൾ, വിദ്യാലയങ്ങൾ
എല്ലാം ഭൂവിലലിഞ്ഞിരിക്കുന്നു
അമ്മയില്ല, അച്ഛനില്ല
തോളോട് തോൾ ചേർന്ന കൂട്ടുകാരില്ല
കൊഴിഞ്ഞുപോയ അവയെല്ലാം വിടരുന്ന
പൂവിൻ ഇതളുപോലെ......
ജാതിയില്ല, മതമില്ല എല്ലാവരും
മനുഷ്യരായി ......
ഇനിയില്ല ആ സുന്ദര ഭൂമി
എങ്ങും നിറഞ്ഞ ശൂന്യതകൾ മാത്രം
കാലമെത്ര കഴിഞ്ഞാലും മറക്കില്ല നാം
കേരള നാടിന്റെ സ്വർഗ ഭൂമിയെ
ജീവിക്കാം നമുക്കിനിയും
പ്രകൃതിയോട് ചേർന്നണിചേർന്ന് തന്നെ
ഈ കാലവും കടന്ന് പോവും
പുതിയ പുലരി പിറക്കും ......
തീർച്ച ..

**ഇഹ്സാൻ മുബാറക്ക്**
8 th std
ജാമിഅ ഐനുൽ ഹുദാ കാപ്പാട്
കൊയിലാണ്ടി

കവിത.

## മാതൃത്വം

അനശ്വരം
ആ സാഗരം
അനുകമ്പയോളങ്ങൾ
തുളുമ്പുന്നു
വാത്സല്യത്തിരമാലകൾ
ആ തീരത്ത്
വിസ്മയം തീർക്കുന്നു

സ്നേഹക്കൂടാരം പണിത്
ലാളിത്യദീപം കൊളുത്തി
കാത്തിരിക്കുന്നു
ആ വിശാല ലോകം
മകൻ വീടണയുന്നതും കാത്ത്

മനുഷ്യ വ്യസനം
നിർവീര്യമാകും
ആ വെട്ടത്തിനു മുമ്പിൽ

കണ്ണീർ കുടിച്ച്
നോവ് പേറുന്ന
കലുഷ മനങ്ങളിൽ
സ്നേഹാർദ്രത തീർത്തും
ശാന്തിയുടെ തിരികൊളുത്തിയും

അറിയുന്നുണ്ടോ ?
ഈ വിസ്മയത്തെയാണ്
ഇക്കൂട്ടർ
വൃദ്ധാലയത്തിൽ
കൊണ്ടിടുന്നത്

## അശ്രുകണങ്ങൾ

മകനേ....നീയറിയുന്നുണ്ടോ?
നിന്റെ ഉമ്മയുടെ കണ്ണുനീർ
ഏകാന്തതയുടെ ലവണം
അതിലുണ്ട്

മഴയേ ... നീയറിയുന്നുണ്ടോ?
നീ പെയ്യുന്നിടങ്ങളിലെ
നിരാലംബരുടെ അശ്രുക്കൾ
വിരഹത്തിന്റെയും വേർപ്പാടിന്റെയും
ഉപ്പു രുചി അതിനുണ്ട്

മണ്ണേ....നീയറിയുന്നുണ്ടോ?
നിന്നിൽ വിയർപ്പൊഴുക്കുന്ന കർഷകന്റെ
രോദനം
അധ്വാനത്തിന്റെയും
ആത്മാർത്ഥതയുടെയും
രുചി
അയാളുടെ മിഴിനീരിനുണ്ട്

ലോകരേ.......നിങ്ങൾ കാണുന്നുണ്ടോ?
ഗസ്സയിലെ കുഞ്ഞു മിഴികളൊഴുക്കുന്ന
കണ്ണുനീർ
നിസ്സഹായതയുടെയും
നിരാശ്രയത്തിന്റെയും
ആർദ്രത
ആ കണ്ണുനീരിൽ ഉപ്പായി
അലിഞ്ഞുചേർന്നിട്ടുണ്ട്

**അൻസിൽ പാങ്ങ്,** Class. 9
മഅ്ദിൻ സ്കൂൾ ഓഫ് എക്സലൻസ്

## കാട്

കാട്ടിലാദ്യമായ് ഞാനൊരു
ദേവതയെ കണ്ടു
അവളെന്നോട് സങ്കടം ചൊല്ലി
എന്തിന് മരങ്ങൾ വെട്ടി
എന്തിന് കുന്നിടിച്ചു
എന്തിന് ജീവനായ കാടുകളെ
നിങ്ങൾ കൊല്ലുന്നു
ഉത്തരമില്ലാതെ ഞാൻ നിന്നു

**ആരാധ്യ വർമ്മ സി.കെ**
5 A
ANMMUPS തളി